ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും,
ആവിഷ്കരിക്കുകയും ചെയ്യുക (4)

ദൂത് ഒമ്പത്

## ജയിക്കുന്നവരായ ആദ്യഫലം അനുഗമിക്കുന്ന കുഞ്ഞാട്

RA Hymns: E591

തിരുവെഴുത്ത് വായന: വെളി. 14:1-5; ഉല്പ. 5:22-24; എബ്രാ. 11:5-6; മത്താ. 24:45-51

വെളി. 14:1 ഇതാ, സീയോൻമലയിൽ കുഞ്ഞാടും അവനോടുകൂടെ നെറ്റിയിൽ അവന്റെ നാമവും അവന്റെ പിതാവിന്റെ നാമവും എഴുതപ്പെട്ടിരിക്കുന്ന നൂറ്റിനാൽപത്തിനാലായിരം പേരും നിൽക്കുന്നതു ഞാൻ കണ്ടു.

വെളി. 14:2 പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയും വലിയ ഇടിമുഴക്കംപോലെയും സ്വർഗത്തിൽ നിന്നൊരു ഘോഷം ഞാൻ കേട്ടു; ഞാൻ കേട്ട ഘോഷമോ കിന്നരവായനക്കാർ തങ്ങളുടെ കിന്നരങ്ങൾ വായിക്കുന്നതുപോലെ ആയിരുന്നു.

വെളി. 14:3 അവർ സിംഹാസനത്തിനു മുമ്പാകെയും നാലു ജീവികൾക്കും മൂപ്പന്മാർക്കും മുമ്പാകെയും ഒരു പുതിയ പാട്ടു പാടുന്നു; ഭൂമിയിൽനിന്ന് വിലയ്ക്കു വാങ്ങപ്പെട്ട നൂറ്റിനാൽപത്തിനാലായിരം പേർക്കല്ലാതെ ആർക്കും ആ പാട്ടു പഠിക്കുവാൻ കഴിഞ്ഞില്ല.

വെളി. 14:4 അവർ കന്യകമാരായതിനാൽ സ്ത്രീകളോടുകൂടെ മലിനപ്പെടാത്തവർ. അവർ കുഞ്ഞാട് എവിടെ പോയാലും അവനെ അനുഗമിക്കുന്നു. അവരെ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി മനുഷ്യരുടെ ഇടയിൽനിന്നു വിലയ്ക്കു വാങ്ങിയിരിക്കുന്നു.

വെളി. 14:5 അവരുടെ വായിൽ കളവൊന്നും കണ്ടെത്തിയില്ല; അവർ കളങ്കമില്ലാത്തവരാകുന്നു.

ഉല്പ. 5:22 മെഥൂശലഹിനെ ജനിപ്പിച്ച ശേഷം ഹാനോക്ക് മൂന്നൂറു സംവത്സരം ദൈവത്തോടുകൂടെ നടക്കയും പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിക്കയും ചെയ്തു.

ഉല്പ. 5:23 ഹനോക്കിന്റെ ആയുഷ്കാലം ആകെ മുന്നൂറ്ററുപത്തഞ്ചു സംവത്സരമായിരുന്നു.

ഉല്പ. 5:24 ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു, ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി.

എബ്രാ. 11:5 വിശ്വാസത്താൽ ഹാനോക്, താൻ മരണം കാണാതിരിക്കുവാൻ തക്കവണ്ണം മാറ്റപ്പെട്ടു; ദൈവം അവനെ മാറ്റിയതിനാൽ അവനെ കണ്ടില്ല. മാറ്റപ്പെടുന്നതിനു മുമ്പ് അവൻ ദൈവത്തിനു സുപ്രസാദമുള്ളവൻ എന്ന സാക്ഷ്യം പ്രാപിച്ചു.

എബ്രാ. 11:6 എന്നാൽ വിശ്വാസം കൂടാതെ ദൈവത്തിനു സുപ്രസാദകരമാകുക അസാധ്യമാകുന്നു, എന്തെന്നാൽ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ട് വരുന്നവൻ, ദൈവം ആകുന്നു എന്നും അവനെ ശുഷ്കാന്തിയോടെ അന്വേഷിക്കുന്നവർക്ക് അവൻ പ്രതിഫലം നൽകുന്നവനാകുന്നു എന്നും വിശ്വസിക്കണം.

മത്താ. 24:45 അപ്പോൾ, യജമാനൻ തന്റെ ഭവനക്കാർക്കുമേൽ, അവർക്കു ശരിയായസമയത്തു ഭക്ഷണം കൊടുക്കുവാനായി ആക്കിവച്ചിരിക്കുന്ന വിശ്വസ്തനും വിവേകവുമുള്ള അടിമ ആരാകുന്നു?

മത്താ. 24:46 തന്റെ യജമാനൻ വരുമ്പോൾ, അങ്ങനെതന്നെചെയ്യുന്നതായി കാണുന്ന ആ അടിമ അനുഗൃഹീതനാകുന്നു.

മത്താ. 24:47 അവൻ തന്റെ സകല വസ്തുവകകൾക്കും മേൽ അവനെ ആക്കിവയ്ക്കും എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു.

മത്താ. 24:48 എന്നാൽ ആ ദുഷ്ട അടിമ തന്റെ ഹൃദയത്തിൽ, എന്റെ യജമാനൻ വൈകുന്നു എന്നു

പറയുകയും,

മത്താ. 24:49 തന്റെ കൂട്ടടിമകളെ അടിക്കുവാൻ തുടങ്ങുകയും കുടിയന്മാരോടുകൂടെ തിന്നുകയും കുടിക്കുകയും ചെയ്താൽ,

മത്താ. 24:50 ആ അടിമയുടെ യജമാനൻ, അവൻ പ്രതീക്ഷിക്കാത്ത നാളിലും, അവൻ അറിയാത്ത നാഴികയിലും വരുകയും,

മത്താ. 24:51 അവനെ വെട്ടിമാറ്റുകയും അവന്റെ പങ്കു കപടഭക്തിക്കാരോടുകൂടെ നിയോഗിക്കുകയും ചെയ്യും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടായിരിക്കും.

**I. വെളിപ്പാട് 14:1-5 ക്രിസ്തുവിനെ ജയിക്കുന്നവരായ ആദ്യഫലം അനുഗമിക്കുന്ന കുഞ്ഞാടായി വെളിപ്പെടുത്തുന്നു:**

വെളി. 14:1 ഇതാ, സീയോൻമലയിൽ കുഞ്ഞാടും അവനോടുകൂടെ നെറ്റിയിൽ അവന്റെ നാമവും അവന്റെ പിതാവിന്റെ നാമവും എഴുതപ്പെട്ടിരിക്കുന്ന നൂറ്റിനാൽപത്തിനാലായിരം പേരും നിൽക്കുന്നതു ഞാൻ കണ്ടു.

വെളി. 14:2 പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെയും വലിയ ഇടിമുഴക്കംപോലെയും സ്വർഗത്തിൽ നിന്നൊരു ഘോഷം ഞാൻ കേട്ടു; ഞാൻ കേട്ട ഘോഷമോ കിന്നരവായനക്കാർ തങ്ങളുടെ കിന്നരങ്ങൾ വായിക്കുന്നതുപോലെ ആയിരുന്നു.

വെളി. 14:3 അവർ സിംഹാസനത്തിനു മുമ്പാകെയും നാലു ജീവികൾക്കും മൂപ്പന്മാർക്കും മുമ്പാകെയും ഒരു പുതിയ പാട്ടു പാടുന്നു; ഭൂമിയിൽനിന്ന് വിലയ്ക്കു വാങ്ങപ്പെട്ട നൂറ്റിനാൽപത്തിനാലായിരം പേർക്കല്ലാതെ ആർക്കും ആ പാട്ടു പഠിക്കുവാൻ കഴിഞ്ഞില്ല.

വെളി. 14:4 അവർ കന്യകമാരായതിനാൽ സ്ത്രീകളോടുകൂടെ മലിനപ്പെടാത്തവർ. അവർ കുഞ്ഞാട് എവിടെ പോയാലും അവനെ അനുഗമിക്കുന്നു. അവരെ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി മനുഷ്യരുടെ ഇടയിൽനിന്നു വിലയ്ക്കു വാങ്ങിയിരിക്കുന്നു.

വെളി. 14:5 അവരുടെ വായിൽ കളവൊന്നും കണ്ടെത്തിയില്ല; അവർ കളങ്കമില്ലാത്തവരാകുന്നു.

A. ആദ്യഫലം ജീവിച്ചിരിക്കുന്ന ജയാളികളാണ്, അവർ ദൈവത്തിന്റെ വിളഭൂമിയിൽ ആദ്യം വിളയുന്നവരായിരിക്കും; അതിനാൽ, അവർ വിളവെടുപ്പിനു മുമ്പ് ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി കൊയ്തെടുക്കപ്പെടും:

1. ആദ്യഫലം ദൈവത്തിന്റെയും ക്രിസ്തുവിന്റെയും സാന്നിധ്യത്തിൽ ആയിരിക്കേണ്ടതിന് സ്വർഗീയ സീയോൻമലയിലേക്ക്, മൂന്നാം സ്വർഗത്തിലുള്ള ദൈവത്തിന്റെ വാസസ്ഥലത്തിന്റെ ഇടത്തിലേക്ക് എടുക്കപ്പെടും.

2. ഉൽപ്രാപണം എന്നതിന്റെ അർഥം കർത്താവിന്റെ സന്നിധിയിലേക്ക് എടുക്കപ്പെടുക എന്നതാണ്; കർത്താവിന്റെ സന്നിധിയിലേക്ക് എടുക്കപ്പെടണമെങ്കിൽ, ഇന്ന് നാം അവന്റെ സന്നിധിയിൽ ആയിരിക്കണം—ലൂക്കൊ. 21:36; 2 കൊരി. 2:10; ഹോശേ. 6:2; 2 തിമൊ. 4:8; പ്രവൃ. 26:16.

ലൂക്കൊ. 21:36 എന്നാൽ സംഭവിക്കുവാൻ പോകുന്ന ഈ കാര്യങ്ങളിൽ നിന്നെല്ലാം രക്ഷപ്പെടുവാനും മനുഷ്യപുത്രന്റെ മുമ്പാകെ നിൽക്കുവാനും നിങ്ങൾ പ്രബലപ്പെടേണ്ടതിന് അപേക്ഷിച്ചുകൊണ്ട്, എല്ലാ നേരത്തും ഉണർന്നിരിക്കുവിൻ.

2 കൊരി. 2:10 എന്നാൽ നിങ്ങൾ എന്തെങ്കിലും ക്ഷമിക്കുന്നവനോട്, ഞാനും ക്ഷമിക്കുന്നു; ഞാൻ എന്തെങ്കിലും ക്ഷമിച്ചിരിക്കുന്നെങ്കിൽ, ഞാൻ ക്ഷമിച്ചിരിക്കുന്നത് നിങ്ങൾ നിമിത്തം ക്രിസ്തു എന്ന വ്യക്തിയിലാകുന്നു.

ഹോശേ. 6:2 രണ്ടു ദിവസം കഴിഞ്ഞിട്ടു അവൻ നമ്മെ ജീവിപ്പിക്കും; മൂന്നാം ദിവസം അവൻ നമ്മെ എഴുന്നേല്പിക്കും; നാം അവന്റെ

| | |
|---|---|
| | മുമ്പാകെ ജീവിക്കയും ചെയ്യും. |
| 2 തിമൊ. 4:8 | ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും, എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയെ സ്നേഹിച്ചിരിക്കുന്ന എല്ലാവർക്കും തന്നേ. |
| പ്രവൃ. 26:16 | എന്നാൽ എഴുന്നേറ്റ് നിവർന്നുനിൽക്കുക; നീ എന്നെ കണ്ട കാര്യങ്ങൾക്കും ഞാൻ നിനക്കു പ്രത്യക്ഷനാകുവാൻ പോകുന്ന കാര്യങ്ങൾക്കും, നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി നിയമിക്കുവാൻ നിനക്ക് ഞാൻ പ്രത്യക്ഷനായിരിക്കുന്നു; |

3. ഉൾപ്രാപണം ശത്രുവിനെ പരാജയപ്പെടുത്തി ദൈവത്തെ തൃപ്തിപ്പെടുത്തുന്നതിനു വേണ്ടിയാണ്; തന്റെ ശത്രുവിനെതിരെ പോരാടാൻ കർത്താവിന് ആൺകുട്ടിയെ ആവശ്യമാണ്, എന്നാൽ അവന്റെ സംതൃപ്തിക്കും ആസ്വാദനത്തിനും വേണ്ടി അവന് ആദ്യഫലം അതിലും അധികമായി ആവശ്യമാണ്—വെളി. 12:5; 14:1, 4.

| | |
|---|---|
| വെളി. 12:5 | അവൾ സകല രാഷ്ട്രങ്ങളെയും ഇരുമ്പുകോൽ കൊണ്ട് മേയ്ക്കുവാനുള്ള ഒരു പുത്രനെ, ഒരു ആൺകുട്ടിയെ പ്രസവിച്ചു; അവളുടെ കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിന്റെ അടുക്കലേക്കും എടുക്കപ്പെട്ടു. |
| വെളി. 14:1 | ഇതാ, സീയോൻമലയിൽ കുഞ്ഞാടും അവനോടുകൂടെ നെറ്റിയിൽ അവന്റെ നാമവും അവന്റെ പിതാവിന്റെ നാമവും എഴുതപ്പെട്ടിരിക്കുന്ന നൂറ്റിനാൽപത്തിനാലായിരം പേരും നിൽക്കുന്നതു ഞാൻ കണ്ടു. |
| വെളി. 14:4b | ...അവർ കുഞ്ഞാട് എവിടെ പോയാലും അവനെ അനുഗമിക്കുന്നു. അവരെ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി മനുഷ്യരുടെ ഇടയിൽനിന്നു വിലയ്ക്കു വാങ്ങിയിരിക്കുന്നു.. |

B. ബൈബിൾ ഉൾപ്രാപണത്തിന്റെ രണ്ട് വശങ്ങൾ വെളിപ്പെടുത്തുന്നു: മഹോപദ്രവത്തിനു മുമ്പുള്ള ജയാളികളുടെ ഉൾപ്രാപണവും മഹോപദ്രവത്തിന്റെ അവസാനത്തിൽ ഭൂരിപക്ഷം വിശ്വാസികളുടെ ഉൾപ്രാപണവും—മത്താ. 24:40-41; ലൂക്കൊ. 21:36; വെളി. 3:10; 1 തെസ്സ. 4:15-17; വെളി. 12:5; 14:1.

| | |
|---|---|
| മത്താ. 24:40 | ആ സമയത്ത് രണ്ടു പുരുഷന്മാർ വയലിൽ ഉണ്ടായിരിക്കും; ഒരാൾ എടുക്കപ്പെടുന്നു, ഒരാൾ ഉപേക്ഷിക്കപ്പെടുന്നു. |
| മത്താ. 24:41 | രണ്ടു സ്ത്രീകൾ തിരികല്ലിൽ പൊടിക്കുകയായിരിക്കും; ഒരുവൾ എടുക്കപ്പെടുന്നു, ഒരുവൾ ഉപേക്ഷിക്കപ്പെടുന്നു. |
| ലൂക്കൊ. 21:36 | എന്നാൽ സംഭവിക്കുവാൻ പോകുന്ന ഈ കാര്യങ്ങളിൽ നിന്നെല്ലാം രക്ഷപ്പെടുവാനും മനുഷ്യപുത്രന്റെ മുമ്പാകെ നിൽക്കുവാനും നിങ്ങൾ പ്രബലപ്പെടേണ്ടതിന് അപേക്ഷിച്ചുകൊണ്ട്, എല്ലാ നേരത്തും ഉണർന്നിരിക്കുവിൻ. |
| വെളി. 3:10 | എന്റെ സഹിഷ്ണുതയുടെ വചനം നീ കാത്തതിനാൽ, ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കുവാനായി, ആൾപ്പാർപ്പുള്ള സർവഭൂമിയിന്മേലും വരുവാനിരിക്കുന്ന, പരീക്ഷയുടെ നാഴികയിൽനിന്ന് ഞാനും നിന്നെ കാക്കും. |
| 1 തെസ്സ. 4:15 | കർത്താവിന്റെ വരവിൽ ശേഷിക്കുന്നവരായ, ജീവിച്ചിരിക്കുന്ന നാം, ഒരുവിധത്തിലും നിദ്രകൊണ്ടവർക്ക് മുമ്പേ ആകില്ല എന്ന് ഞങ്ങൾ കർത്താവിന്റെ വചനത്താൽ നിങ്ങളോടു പറയുന്നു; |
| 1 തെസ്സ. 4:16 | എന്തുകൊണ്ടെന്നാൽ കർത്താവ് താൻ ആർപ്പുവിളിക്കുന്ന ഉത്തരവോടുകൂടെ, പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ |

കാഹളത്തോടും കൂടെ, സ്വർഗത്തിൽ നിന്ന് ഇറങ്ങിവരുകയും, ക്രിസ്തുവിൽ മരിച്ചവർ ആദ്യം ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും.

1 തെസ്സ. 4:17 — പിന്നെ ജീവനോടിരിക്കുന്ന, ശേഷിച്ചവരായ നാം, ആകാശത്തിൽ കർത്താവിനെ കണ്ടുമുട്ടുവാൻ ഒന്നിച്ച് അവരോടൊപ്പം മേഘങ്ങളിൽ എടുക്കപ്പെടും; അങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കും.

വെളി. 12:5 — അവൾ സകല രാഷ്ട്രങ്ങളെയും ഇരുമ്പുകോൽ കൊണ്ട് മേയ്ക്കുവാനുള്ള ഒരു പുത്രനെ, ഒരു ആൺകുട്ടിയെ പ്രസവിച്ചു; അവളുടെ കുട്ടി ദൈവത്തിന്റെ അടുക്കലേക്കും അവന്റെ സിംഹാസനത്തിന്റെ അടുക്കലേക്കും എടുക്കപ്പെട്ടു.

വെളി. 14:1 — ഇതാ, സീയോൻമലയിൽ കുഞ്ഞാടും അവനോടുകൂടെ നെറ്റിയിൽ അവന്റെ നാമവും അവന്റെ പിതാവിന്റെ നാമവും എഴുതപ്പെട്ടിരിക്കുന്ന നൂറ്റിനാൽപത്തിനാലായിരം പേരും നിൽക്കുന്നതു ഞാൻ കണ്ടു.

C. ലേവ്യപുസ്തകം 23:10-ൽ നാം ഉൾപ്രാപണത്തിന്റെ ഒരു മുൻകുറി കാണുന്നു—വിളഭൂമിയിൽ വിളവ് വിളയുന്നതിന്റെ മുൻകുറി—മത്താ. 13:24; വെളി. 14:14-16:

ലേവ്യ. 23:10 — നീ യിസ്രായേൽമക്കളോടു പറയേണ്ടതു എന്തെന്നാൽ: ഞാൻ നിങ്ങൾക്കു തരുന്ന ദേശത്തു നിങ്ങൾ എത്തിയശേഷം അതിലെ വിളവെടുക്കുമ്പോൾ നിങ്ങളുടെ കൊയ്ത്തിലെ ആദ്യത്തെ കറ്റ പുരോഹിതന്റെ അടുക്കൽ കൊണ്ടുവരേണം.

മത്താ. 13:24 — അവൻ മറ്റൊരു ഉപമ അവരുടെ മുമ്പാകെ വച്ച് പറഞ്ഞത്, സ്വർഗരാജ്യം തന്റെ വയലിൽ നല്ല വിത്ത് വിതച്ച ഒരു മനുഷ്യനോട് സദൃശമായിത്തീർന്നിരിക്കുന്നു.

വെളി. 14:14 — പിന്നെ ഇതാ, വെളുത്ത ഒരു മേഘവും, മേഘത്തിന്മേൽ തലയിൽ പൊൻകിരീടവും കൈയിൽ മൂർച്ചയേറിയ അരിവാളുമുള്ള, മനുഷ്യപുത്രനു സദൃശനായ ഒരുവൻ ഇരിക്കുന്നതു ഞാൻ കണ്ടു.

വെളി. 14:15 — പിന്നെ മറ്റൊരു ദൂതൻ ദൈവാലയത്തിൽനിന്ന് പുറത്തുവന്നു, മേഘത്തിന്മേൽ ഇരിക്കുന്നവനോട്, നിന്റെ അരിവാൾ അയച്ചു കൊയ്യുക, ഭൂമിയിലെ കൊയ്ത്തു വിളഞ്ഞുണങ്ങിയിരിക്കുന്നതിനാൽ കൊയ്യുവാനുള്ള നാഴിക വന്നിരിക്കുന്നു എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു.

വെളി. 14:16 — മേഘത്തിന്മേൽ ഇരിക്കുന്നവൻ തന്റെ അരിവാൾ ഭൂമിയിലേക്ക് എറിഞ്ഞു, ഭൂമിയിൽ കൊയ്ത്തു നടന്നു.

1. ദൈവത്തിന്റെ വിളവിന്റെ വിളവെടുപ്പിനെയാണ് നമ്മൾ ഉൾപ്രാപണം എന്ന് വിളിക്കുന്നത്; ഈ വിളവെടുപ്പ് സൂചിപ്പിക്കുന്നത് വിശ്വാസികൾ ഭൂമിയിൽനിന്ന് എടുത്തു മാറ്റപ്പെടുമെന്നാണ്—മത്താ. 13:30, 39.

   മത്താ. 13:30 — കൊയ്ത്തുവരെ രണ്ടും ഒന്നിച്ചു വളരട്ടെ, കൊയ്ത്തിന്റെ സമയത്ത് ഞാൻ കൊയ്യുന്നവരോട്, ആദ്യം കളകളെ കൂട്ടിവച്ച് അവയെ ചുട്ടുകളയുവാൻ കെട്ടുകളായി കെട്ടുവിൻ, എന്നാൽ ഗോതമ്പിനെ എന്റെ കളപ്പുരയിലേക്കു ശേഖരിക്കുവിൻ എന്നു പറയും.

   മത്താ. 13:39b — ...കൊയ്ത്ത് യുഗത്തിന്റെ പരിണതിയാകുന്നു; കൊയ്യുന്നവർ ദൂതന്മാരാകുന്നു.

2. വിളവിന്റെ ഒരു ഭാഗം—ആദ്യഫലം—നേരത്തെ വിളയുകയും നേരത്തെ വിളവെടുക്കുകയും ചെയ്യുന്നു; വിളവിന്റെ ബാക്കി ഭാഗം—കൊയ്ത്ത്—പിന്നീട് വിളയുകയും, പിന്നീട് വിളവെടുക്കുകയും ചെയ്യുന്നു.

3. വെളിപ്പാട് 14 അനുസരിച്ച്, രണ്ട് തരത്തിലുള്ള ഉൾപ്രാപണം ഉണ്ട്—ആദ്യഫലത്തിന്റെ ഉൾപ്രാപണവും കൊയ്ത്തിന്റെ ഉൾപ്രാപണവും—വാ. 4, 14-16.

| | |
|---|---|
| Rev 14 | be omitted. |
| വെളി. 14:4b | ...അവർ കുഞ്ഞാട് എവിടെ പോയാലും അവനെ അനുഗമിക്കുന്നു. അവരെ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി മനുഷ്യരുടെ ഇടയിൽനിന്നു വിലയ്ക്കു വാങ്ങിയിരിക്കുന്നു. |
| വെളി. 14:14 | പിന്നെ ഇതാ, വെളുത്ത ഒരു മേഘവും, മേഘത്തിന്മേൽ തലയിൽ പൊൻകിരീടവും കൈയിൽ മൂർച്ചയേറിയ അരിവാളുമുള്ള, മനുഷ്യപുത്രനു സദൃശനായ ഒരുവൻ ഇരിക്കുന്നതു ഞാൻ കണ്ടു. |
| വെളി. 14:15 | പിന്നെ മറ്റൊരു ദൂതൻ ദൈവാലയത്തിൽനിന്ന് പുറത്തുവന്നു, മേഘത്തിന്മേൽ ഇരിക്കുന്നവനോട്, നിന്റെ അരിവാൾ അയച്ചു കൊയ്യുക, ഭൂമിയിലെ കൊയ്ത്തു വിളഞ്ഞുണങ്ങിയിരിക്കുന്നതിനാൽ കൊയ്യുവാനുള്ള നാഴിക വന്നിരിക്കുന്നു എന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. |
| വെളി. 14:16 | മേഘത്തിന്മേൽ ഇരിക്കുന്നവൻ തന്റെ അരിവാൾ ഭൂമിയിലേക്ക് എറിഞ്ഞു, ഭൂമിയിൽ കൊയ്ത്തു നടന്നു. |

D. ആദ്യഫലം ദൈവത്തിന് പുതുമയുള്ള ആസ്വാദനമായി സീയോനിലെ ദൈവത്തിന്റെ ആലയത്തിലേക്ക് ഉൾപ്രാപിതരാകുന്നു; ഇത് ദൈവത്തിന്റെ സംതൃപ്തിക്കുവേണ്ടിയാണ്—പുറ. 23:19; ലേവ്യ. 23:10; പ്ര.നി. യോഹ. 20:17.

| | |
|---|---|
| പുറ. 23:19 | നിന്റെ ഭൂമിയുടെ ആദ്യവിളവുകളിലെ പ്രഥമഫലം നിന്റെ ദൈവമായ യഹോവയുടെ ആലയത്തിൽ കൊണ്ടുവരേണം. ആട്ടിൻകുട്ടിയെ തള്ളയുടെ പാലിൽ പാകംചെയ്യരുതു. |
| ലേവ്യ. 23:10 | നീ യിസ്രായേൽമക്കളോടു പറയേണ്ടതു എന്തെന്നാൽ: ഞാൻ നിങ്ങൾക്കു തരുന്ന ദേശത്തു നിങ്ങൾ എത്തിയശേഷം അതിലെ വിളവെടുക്കുമ്പോൾ നിങ്ങളുടെ കൊയ്ത്തിലെ ആദ്യത്തെ കറ്റ പുരോഹിതന്റെ അടുക്കൽ കൊണ്ടുവരേണം. |
| യോഹ. 20:17a | യേശു അവളോട്, എന്നെ തൊടരുത്, എന്തെന്നാൽ ഞാൻ ഇതുവരെ പിതാവിന്റെ അടുക്കലേക്ക് ആരോഹണം ചെയ്തിട്ടില്ല; ... |

E. ആദ്യഫത്തിന് അവരുടെ നെറ്റിയിൽ കുഞ്ഞാടിന്റെയും അവന്റെ പിതാവിന്റെയും നാമം എഴുതപ്പെട്ടിട്ടുണ്ട്; ഇത് അവർ കുഞ്ഞാടിനോടും പിതാവിനോടും ഒന്നായിരിക്കുന്നതിന്റെയും അവർ കുഞ്ഞാടിനും പിതാവിനും സ്വന്തമാണെന്നതിന്റെയും അഭിധാനമാണ്—വെളി. 14:1.

| | |
|---|---|
| വെളി. 14:1 | ഇതാ, സീയോൻമലയിൽ കുഞ്ഞാടും അവനോടുകൂടെ... നൂറ്റിനാൽപത്തിനാലായിരം പേരും നിൽക്കുന്നതു ഞാൻ കണ്ടു.. |

F. ദൈവത്തിന്റെ വിളവിനിടയിൽ ഏറ്റവും ആദ്യം പക്വത പ്രാപിക്കുന്നവരാണ് ആദ്യഫലം—എബ്രാ. 5:14—6:1; 1 കൊരി. 2:6; എഫെ. 4:13; ഫിലി. 3:15:

| | |
|---|---|
| എബ്രാ. 5:14 | എന്നാൽ കട്ടിയുള്ള ആഹാരം പൂർണവളർച്ച പ്രാപിച്ചവർക്കുള്ളതാകുന്നു, അവർ അഭ്യാസം നിമിത്തം നന്മയും തിന്മയും തമ്മിൽ വകതിരിച്ചറിയുന്നതിന് തങ്ങളുടെ ഇന്ദ്രിയങ്ങളെ പരിശീലിപ്പിച്ചവർ ആകുന്നു. |
| എബ്രാ. 6:1 | അതുകൊണ്ട് ക്രിസ്തുവിന്റെ, ആരംഭവചനം വിട്ടുകളഞ്ഞിട്ട്, നിർജീവപ്രവൃത്തികളിൽ നിന്നുള്ള മാനസാന്തരത്തിന്റെയും ദൈവത്തിലുള്ള വിശ്വാസത്തിന്റെയും, |
| 1 കൊരി. 2:6 | എന്നാൽ ഞങ്ങൾ ജ്ഞാനം സംസാരിക്കുന്നത് പൂർണ വളർച്ച |

| | |
|---|---|
| | എത്തിയവരുടെ ഇടയിലാകുന്നു, എങ്കിലും ഈ യുഗത്തിന്റെയോ, ഒന്നുമല്ലാതാക്കപ്പെടുന്ന ഈ യുഗത്തിന്റെ അധിപന്മാരുടെയോ ജ്ഞാനമല്ല; |
| എഫെ. 4:13 | ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടി ആകുന്നു, |
| ഫിലി. 3:15 | അതുകൊണ്ട് നമ്മിൽ പൂർണവളർച്ച എത്തിയവർക്കൊക്കെയും ഈ മനസ്സുണ്ടായിരിക്കട്ടെ; വല്ലതിലും നിങ്ങൾ വ്യത്യസ്ത മനസ്സുള്ളവരാണെങ്കിൽ, അതും ദൈവം നിങ്ങൾക്ക് വെളിപ്പെടുത്തിത്തരും. |

1. രൂപാന്തരപ്പെടുക എന്നാൽ നമ്മുടെ സ്വാഭാവിക ജീവനിൽ മാറ്റമുണ്ടാവുക എന്നാണ്; പക്വത പ്രാപിക്കുക എന്നാൽ നമുക്കു മാറ്റം വരുത്തുന്ന ദിവ്യജീവനാൽ നിറയുക എന്നാണ്—റോമ. 12:2; എഫെ. 3:19.

| | |
|---|---|
| റോമ. 12:2 | ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ. |
| എഫെ. 3:19b | ...അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.. |

2. ദൈവത്തിന്റെ ആവിഷ്കാരത്തിന് പക്വതയുടെ ആവശ്യമുണ്ട്; പക്വതയുള്ള ഒരു ജീവന് മാത്രമേ ദൈവത്തിന്റെ സ്വരൂപം വഹിക്കുവാനും അവന്റെ ആധിപത്യം പ്രയോഗിക്കുവാനും കഴിയുകയുള്ളൂ—ഉല്പ. 1:26; റോമ. 5:10, 17, 21.

| | |
|---|---|
| ഉല്പ. 1:26 | അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു. |
| റോമ. 5:10 | ശത്രുക്കളായിരിക്കുമ്പോൾത്തന്നെ, നമുക്ക് അവന്റെ പുത്രന്റെ മരണത്തിലൂടെ ദൈവത്തോട് നിരപ്പ് വന്നു എങ്കിൽ, നിരന്ന ശേഷം, നാം അവന്റെ, ജീവനിൽ എത്ര അധികമായി രക്ഷിക്കപ്പെടും, |
| റോമ. 5:17 | ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും. |
| റോമ. 5:21 | എപ്രകാരം പാപം മരണത്തിൽ വാണുവോ, അപ്രകാരം തന്നെ കൃപ നീതിയിലൂടെ നിത്യജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ വാഴേണ്ടതിനു തന്നെ. |

**II. ആദ്യഫലമായിത്തീരുവാൻ നാം കുഞ്ഞാടിനെ അനുഗമിച്ച് പക്വതയിലേക്ക് എത്തുന്നതിന്, മരണത്തിൽനിന്ന് രക്ഷപ്പെടുന്നതിനും ദൈവത്തിന് സുപ്രസാദമുള്ളവരാകുന്നു എന്ന സാക്ഷ്യം നേടുന്നതിനും നാം വിശ്വാസത്താൽ ദൈവത്തോടുകൂടെ നടക്കണം:**

A. മരണത്തിൽനിന്ന് രക്ഷപ്പെടുവാനും ദൈവത്തിന് സുപ്രസാദമുള്ളവരെന്ന സാക്ഷ്യം നേടുവാനുമുള്ള മാർഗം ദൈവത്തോടുകൂടെ നടക്കുകയാണ്—ഉല്പ. 5:22-24; എബ്രാ. 11:5-6:

| | |
|---|---|
| ഉല്പ. 5:22 | മെഥൂശലഹിനെ ജനിപ്പിച്ച ശേഷം ഹാനോക്ക് മൂന്നൂറു സംവത്സരം ദൈവത്തോടുകൂടെ നടക്കയും പുത്രന്മാരെയും പുത്രിമാരെയും |

| | |
|---|---|
| | ജനിപ്പിക്കയും ചെയ്തു. |
| ഉല്പ. 5:23 | ഹനോക്കിന്റെ ആയുഷ്കാലം ആകെ മുന്നൂറ്ററുപത്തഞ്ചു സംവത്സരമായിരുന്നു. |
| ഉല്പ. 5:24 | ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു, ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി. |
| എബ്രാ. 11:5 | വിശ്വാസത്താൽ ഹാനോക്, താൻ മരണം കാണാതിരിക്കുവാൻ തക്കവണ്ണം മാറ്റപ്പെട്ടു; ദൈവം അവനെ മാറ്റിയതിനാൽ അവനെ കണ്ടില്ല. മാറ്റപ്പെടുന്നതിനു മുമ്പ് അവൻ ദൈവത്തിനു സുപ്രസാദമുള്ളവൻ എന്ന സാക്ഷ്യം പ്രാപിച്ചു. |
| എബ്രാ. 11:6 | എന്നാൽ വിശ്വാസം കൂടാതെ ദൈവത്തിനു സുപ്രസാദകരമാകുക അസാധ്യമാകുന്നു, എന്തെന്നാൽ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ട് വരുന്നവൻ, ദൈവം ആകുന്നു എന്നും അവനെ ശുഷ്കാന്തിയോടെ അന്വേഷിക്കുന്നവർക്ക് അവൻ പ്രതിഫലം നൽകുന്നവനാകുന്നു എന്നും വിശ്വസിക്കണം. |

1. ദൈവത്തോടുകൂടെ നടക്കുക എന്നാൽ ദൈവത്തെ മറികടക്കാതിരിക്കുന്നതും, ധിക്കാരികളാകാതിരിക്കുന്നതും, നമ്മുടെ സ്വന്തം ധാരണയ്ക്കും ആഗ്രഹത്തിനും അനുസൃതമായി കാര്യങ്ങൾ ചെയ്യാതിരിക്കുന്നതും, യുഗത്തിന്റെ ഗതിക്കനുസരിച്ച് കാര്യങ്ങൾ ചെയ്യാതിരിക്കുന്നതും, ദൈവത്തെ കൂടാതെ ഒന്നും ചെയ്യാതിരിക്കുന്നതുമാണ്—പ്ര.നി. സങ്കീ. 19:12-13; യോശു. 9:14; ലൂക്കൊ. 24:15.

| | |
|---|---|
| സങ്കീ. 19:12 | തന്റെ തെറ്റുകളെ ഗ്രഹിക്കുന്നവൻ ആർ? മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിക്കേണമേ. |
| സങ്കീ. 19:13 | സ്വമേധാപാപങ്ങളെ അകറ്റി അടിയനെ കാക്കേണമേ; അവ എന്റെമേൽ വാഴരുതേ; എന്നാൽ ഞാൻ നിഷ്കളങ്കനും മഹാപാതകരഹിതനും ആയിരിക്കും. |
| യോശു. 9:14 | അപ്പോൾ യിസ്രായേൽപുരുഷന്മാർ യഹോവയോടു ചോദിക്കാതെ അവരുടെ ഭക്ഷണസാധനം വാങ്ങി ആസ്വദിച്ചു. |
| ലൂക്കൊ. 24:15 | അവർ സംസാരിച്ച് ചർച്ച ചെയ്യുമ്പോൾ, യേശു താൻ അടുക്കൽ വരുകയും അവരോടൊപ്പം പോകുകയും ചെയ്തു. |

2. ദൈവത്തോടുകൂടെ നടക്കുക എന്നാൽ, ദൈവത്തിനൊത്തവണ്ണവും ദൈവത്തോടുകൂടെയും, അതായത് അവന്റെ വെളിപാടിനും നടത്തിപ്പിനും ഒത്തവണ്ണം ജീവിക്കുന്നതിനും കാര്യങ്ങൾ ചെയ്യുന്നതിനും, എല്ലാ കാര്യങ്ങളും അവനോടൊപ്പം ചെയ്യുന്നതിനും അവനെ നമ്മുടെ കേന്ദ്രവും സകലവുമായി എടുക്കുന്നതാണ്—റോമ. 8:4, 13-14; ഗലാ. 2:2; 2 കൊരി. 5:14-15.

| | |
|---|---|
| റോമ. 8:4 | ജഡപ്രകാരമല്ല ആത്മാവിൻപ്രകാരം നടക്കുന്ന നമ്മിൽ, ന്യായപ്രമാണത്തിന്റെ നീതിപരമായ ആവശ്യകത, നിവൃത്തിയാകേണ്ടതിന് തന്നെ. |
| റോമ. 8:13 | നിങ്ങൾ ജഡപ്രകാരം ജീവിക്കുന്നു എങ്കിൽ, നിങ്ങൾ മരിക്കണം, എന്നാൽ ആത്മാവിനാൽ ശരീരത്തിന്റെ പ്രവൃത്തികളെ നിങ്ങൾ മരിപ്പിക്കുന്നു എങ്കിൽ, നിങ്ങൾ ജീവിക്കും. |
| റോമ. 8:14 | എന്തെന്നാൽ ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്നവരൊക്കെയും, ദൈവത്തിന്റെ പുത്രന്മാർ ആകുന്നു. |

| | |
|---|---|
| ഗലാ. 2:2 | വെളിപാടിൻ പ്രകാരമാകുന്നു ഞാൻ കയറിപ്പോയത്, ഞാൻ ഓടുന്നതോ ഓടിയതോ വ്യർഥമെന്ന് വരാതിരിക്കേണ്ടതിന്, ഞാൻ ജാതികളുടെ ഇടയിൽ പ്രഖ്യാപിക്കുന്ന സുവിശേഷം പ്രസിദ്ധരുടെ മുമ്പാകെ സ്വകാര്യമായി പ്രസ്താവിച്ചു. |
| 2 കൊരി. 5:14 | ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു, എല്ലാവർക്കും വേണ്ടി ഒരുവൻ മരിച്ചതുകൊണ്ട് എല്ലാവരും മരിച്ചു എന്നും, |
| 2 കൊരി. 5:15 | ജീവിക്കുന്നവർ ഇനി തങ്ങൾക്കുതന്നെയല്ല, തങ്ങൾക്കുവേണ്ടി മരിച്ചിട്ട് ഉയിർപ്പിക്കപ്പെട്ടവന് ജീവിക്കേണ്ടതിനത്രേ അവൻ എല്ലാവർക്കും വേണ്ടി മരിച്ചതെന്നും ഞങ്ങൾ തീർപ്പുവരുത്തിയിരിക്കുന്നു. |

3. ദൈവത്തോടുകൂടെ നടക്കുക എന്നാൽ, നാം ആയിരിക്കുന്നതിനാലോ അല്ലെങ്കിൽ നമുക്ക് ചെയ്യാൻ കഴിയുന്നതിനാലോ അല്ല നാം ജീവിക്കുന്നത്, പിന്നെയോ ക്രിസ്തു താൻതന്നെയാകുന്ന അമർത്യജീവനാലാണ് നാം ജീവിക്കുന്നത് എന്നാണ് അർഥമാക്കുന്നത്—വാ. 4, 9.

| | |
|---|---|
| 2 കൊരി. 5:4 | കൂടാതെ, മർത്യമായത് ജീവനാൽ വിഴുങ്ങപ്പെടേണ്ടതിന്, ഈ കൂടാരത്തിൽ ആയിരിക്കുന്ന ഞങ്ങൾ, ധരിക്കാത്തവരായല്ല ധരിച്ചവരായത്രേ ആയിരിക്കുവാൻ ഇച്ഛിച്ചുകൊണ്ട് ഭാരപ്പെട്ട് ഞരങ്ങുന്നു. |
| 2 കൊരി. 5:9 | അതുകൊണ്ട് ഭവനത്തിൽ ആയിരുന്നാലും അകലെ ആയിരുന്നാലും, അവന് സുപ്രസാദമുള്ളവർ എന്ന മാനം നേടുവാൻ ഞങ്ങൾ നിശ്ചയിച്ചിരിക്കുന്നു. |

4. ദൈവത്തോടുകൂടെ നടക്കുക എന്നാൽ, ദൈവവുമായി പതിവായ കൂട്ടായ്മ ഉണ്ടായിരിക്കുക, കർത്താവുമായി നിരന്തരം സമ്പർക്കത്തിലായിരിക്കുക, അവന്റെ നിരന്തരമായ നിവേശനത്തിന് കീഴിലായിരിക്കുക എന്നാണ്—1 യോഹ. 1:3; ഫിലി. 4:6; 2 കൊരി. 3:16, 18.

| | |
|---|---|
| 1 യോഹ. 1:3 | ഞങ്ങൾ കണ്ടതും കേട്ടതും, നിങ്ങൾക്കു ഞങ്ങളോടുകൂടെ കൂട്ടായ്മ ഉണ്ടാകേണ്ടതിന് നിങ്ങളോട് അറിയിക്കുന്നു, ഞങ്ങളുടെ കൂട്ടായ്മയോ പിതാവിനോടുകൂടെയും അവന്റെ പുത്രനായ യേശു ക്രിസ്തുവിനോടുകൂടെയും ആകുന്നു. |
| ഫിലി. 4:6 | ഒന്നിലും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർഥനയാലും അപേക്ഷയാലും സ്തോത്രത്തോടുകൂടെ നിങ്ങളുടെ അപേക്ഷകൾ ദൈവത്തോട് അറിയിക്കുവിൻ; |
| 2 കൊരി. 3:16 | എന്നാൽ അവരുടെ ഹൃദയം കർത്താവിലേക്ക് തിരിയുമ്പോഴെല്ലാം, മൂടുപടം നീങ്ങിപ്പോകുന്നു. |
| 2 കൊരി. 3:18 | എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു. |

5. ദൈവത്തോടുകൂടെ നടക്കുക എന്നാൽ, വാഴ്ത്തപ്പെട്ട ത്രിത്വത്തെ ആസ്വദിക്കുവാനായി നമ്മുടെ ആത്മാവിനെ നിരന്തരം അഭ്യസിക്കുക എന്നാണ്—യൂദാ 14, 19-21.

| | |
|---|---|
| യൂദാ. 1:14 | ആദാംമുതൽ ഏഴാമനായ ഹാനോക്കും, ഇവരെക്കുറിച്ച് പ്രവചിച്ചു പറഞ്ഞത്, ഇതാ, കർത്താവ് തന്റെ അസംഖ്യം വിശുദ്ധന്മാരോടുകൂടെ, |

| | |
|---|---|
| യൂദാ. 1:19 | ഇവർ ഭിന്നത ഉണ്ടാക്കുന്നവർ, പ്രാകൃതർ, ആത്മാവില്ലാത്തവർ. |
| യൂദാ. 1:20 | എന്നാൽ പ്രിയരേ, നിങ്ങളുടെ അതിവിശുദ്ധ, വിശ്വാസത്തിന്മേൽ നിങ്ങളെത്തന്നെ പണിതും, പരിശുദ്ധാത്മാവിൽ പ്രാർഥിച്ചുംകൊണ്ട്, |
| യൂദാ. 1:21 | ദൈവസ്നേഹത്തിൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊള്ളുവിൻ, നിത്യ ജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ കരുണയ്ക്കായി കാത്തിരുന്നുകൊണ്ട് തന്നെ. |

6. ദൈവത്തോടുകൂടെ നടക്കുക എന്നാൽ, നാം അവനോട് ഒന്നാകേണ്ടതിന് നമ്മുടെ സ്വയത്തെയും നമ്മുടെ സ്വയത്തിൽനിന്നുള്ള സകലത്തെയും ത്യജിക്കുക എന്നാണ് വിവക്ഷിക്കുന്നത്; അത് നാം നമ്മെത്തന്നെ അവനു നൽകിയിരിക്കുന്നു എന്നും, അവനു കീഴടങ്ങുമെന്നും, അവനെ നേതൃത്വം എടുക്കുവാൻ അനുവദിക്കും എന്നും  വിവക്ഷിക്കുന്നു—മത്താ. 16:24-25; 2 കൊരി. 2:13-14.

| | |
|---|---|
| മത്താ. 16:24 | അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ. |
| മത്താ. 16:25 | തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും. |
| 2 കൊരി. 2:13 | എന്റെ സഹോദരനായ തീത്തൊസിനെ കണ്ടെത്താത്തതിനാൽ, എന്റെ ആത്മാവിൽ എനിക്ക് സ്വസ്ഥത ഉണ്ടായിരുന്നില്ല; അവരിൽനിന്ന് വിടവാങ്ങിയ ശേഷം ഞാൻ മക്കെദോന്യയിലേക്ക് പുറപ്പെട്ടുപോയി. |
| 2 കൊരി. 2:14 | എന്നാൽ ഞങ്ങളെ ക്രിസ്തുവിൽ എല്ലായ്പ്പോഴും ജയോത്സവത്തിൽ നടത്തുകയും ഞങ്ങളിലൂടെ എല്ലായിടത്തും അവന്റെ പരിജ്ഞാനത്തിന്റെ വാസന വെളിവാക്കുകയും ചെയ്യുന്ന ദൈവത്തിനു സ്തോത്രം. |

B. ദൈവത്തോടുകൂടെ നടക്കുക എന്നാൽ വിശ്വാസത്താൽ നടക്കുക എന്നാണ്—5:7; എബ്രാ. 11:5-6:

| | |
|---|---|
| 2 കൊരി. 5:7 | (കാഴ്ച്ചയാലല്ല വിശ്വാസത്താലത്രേ ഞങ്ങൾ നടക്കുന്നത്)— |
| എബ്രാ. 11:5 | വിശ്വാസത്താൽ ഹാനോക്, താൻ മരണം കാണാതിരിക്കുവാൻ തക്കവണ്ണം മാറ്റപ്പെട്ടു; ദൈവം അവനെ മാറ്റിയതിനാൽ അവനെ കണ്ടില്ല. മാറ്റപ്പെടുന്നതിനു മുമ്പ് അവൻ ദൈവത്തിനു സുപ്രസാദമുള്ളവൻ എന്ന സാക്ഷ്യം പ്രാപിച്ചു. |
| എബ്രാ. 11:6 | എന്നാൽ വിശ്വാസം കൂടാതെ ദൈവത്തിനു സുപ്രസാദകരമാകുക അസാധ്യമാകുന്നു, എന്തെന്നാൽ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ട് വരുന്നവൻ, ദൈവം ആകുന്നു എന്നും അവനെ ശുഷ്കാന്തിയോടെ അന്വേഷിക്കുന്നവർക്ക് അവൻ പ്രതിഫലം നൽകുന്നവനാകുന്നു എന്നും വിശ്വസിക്കണം. |

1. വിശ്വാസം എന്നാൽ ദൈവം ആകുന്നു എന്ന് നാം വിശ്വസിക്കുന്നതാണ്—വാ. 1-2, 6; 2 കൊരി. 4:13, 18:

| | |
|---|---|
| എബ്രാ. 11:1 | വിശ്വാസം എന്നത് പ്രത്യാശിക്കുന്ന കാര്യങ്ങളുടെ സാരാംശീകരണം, കാണാത്ത കാര്യങ്ങളുടെ ബോധ്യപ്പെടൽ ആകുന്നു. |

എബ്രാ. 11:2 ഇതിൽ മൂപ്പന്മാർ നല്ല സാക്ഷ്യം പ്രാപിച്ചിരിക്കുന്നു.

എബ്രാ. 11:6 എന്നാൽ വിശ്വാസം കൂടാതെ ദൈവത്തിനു സുപ്രസാദകരമാകുക അസാധ്യമാകുന്നു, എന്തെന്നാൽ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ട് വരുന്നവൻ, ദൈവം ആകുന്നു എന്നും അവനെ ശുഷ്കാന്തിയോടെ അന്വേഷിക്കുന്നവർക്ക് അവൻ പ്രതിഫലം നൽകുന്നവനാകുന്നു എന്നും വിശ്വസിക്കണം.

2 കൊരി. 4:13 "ഞാൻ വിശ്വസിച്ചു അതുകൊണ്ട് ഞാൻ സംസാരിച്ചു," എന്ന് എഴുതിയിരിക്കുന്നതുപ്രകാരം വിശ്വാസത്തിന്റെ അതേ ആത്മാവ് ഉണ്ടായിട്ട്, ഞങ്ങളും വിശ്വസിക്കുന്നു അതുകൊണ്ട് ഞങ്ങളും സംസാരിക്കുന്നു.

2 കൊരി. 4:18 എന്തുകൊണ്ടെന്നാൽ ഞങ്ങൾ കാണുന്നവയെ അല്ല കാണാത്തവയെ അത്രേ കരുതുന്നത്; കാണുന്നവ താൽക്കാലികവും, കാണാത്തവ നിത്യവും ആകുന്നു.

a. വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ, ദൈവത്തെ സന്തോഷിപ്പിക്കുവാൻ അസാധ്യമാണ്—എബ്രാ. 11:6.

എബ്രാ. 11:6 എന്നാൽ വിശ്വാസം കൂടാതെ ദൈവത്തിനു സുപ്രസാദകരമാകുക അസാധ്യമാകുന്നു., ...

b. ദൈവം ആകുന്നു എന്ന് വിശ്വസിക്കുന്നത്, അവൻ നമുക്ക് എല്ലാമാണെന്നും നാം ഒന്നുമല്ലെന്നും വിശ്വസിക്കുന്നതാണ്—യോഹ. 8:58; സഭാ. 1:2.

യോഹ. 8:58 യേശു അവരോട്, സത്യമായി, സത്യമായി, ഞാൻ നിങ്ങളോട് പറയുന്നു, അബ്രാഹാം ഉളവായതിനുമുമ്പേ, ഞാൻ ആകുന്നു എന്നു പറഞ്ഞു.

സഭാപ്ര. 1:2 ഹാ മായ, മായ എന്നു സഭാപ്രസംഗി പറയുന്നു; ഹാ മായ, മായ, സകലവും മായയത്രേ.

c. ദൈവം ആകുന്നു എന്ന് വിശ്വസിക്കുന്നത്, നമ്മൾ അല്ല എന്നാണ് വിവക്ഷിക്കുന്നത്; അവൻ എല്ലാത്തിലും ഏകനായവൻ, നിസ്തുലനായവൻ ആയിരിക്കണം, നാം എല്ലാത്തിലും ഒന്നുമല്ലാതിരിക്കണം—ഉല്പ. 5:24; എബ്രാ. 11:5.

ഉല്പ. 5:24 ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു, ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി.

എബ്രാ. 11:5 വിശ്വാസത്താൽ ഹാനോക്, താൻ മരണം കാണാതിരിക്കുവാൻ തക്കവണ്ണം മാറ്റപ്പെട്ടു; ദൈവം അവനെ മാറ്റിയതിനാൽ അവനെ കണ്ടില്ല. മാറ്റപ്പെടുന്നതിനു മുമ്പ് അവൻ ദൈവത്തിനു സുപ്രസാദമുള്ളവൻ എന്ന സാക്ഷ്യം പ്രാപിച്ചു.

d. ദൈവം ആകുന്നു എന്ന് വിശ്വസിക്കുന്നത്, നമ്മുടെ സ്വയത്തെ ത്യജിക്കുന്നതാണ്; മുഴു പ്രപഞ്ചത്തിലും അവൻ ആകുന്നു, നമ്മളെല്ലാവരും ഒന്നുമല്ല—ലൂക്കൊ. 9:23.

ലൂക്കൊ. 9:23 പിന്നെ അവൻ എല്ലാവരോടും പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, ദിനന്തോറും തന്റെ ക്രൂശ് എടുത്ത്, എന്നെ അനുഗമിക്കട്ടെ.

e. ഞാൻ ഒന്നും ആകരുത്; ഞാൻ നിലനിൽക്കരുത്; അവൻ മാത്രമേ നിലനിൽക്കാവൂ—ഇനി ഞാനല്ല, ക്രിസ്തുവത്രേ—ഗലാ. 2:20.

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന

ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

f. തർസൊസുകാരനായ ശൗലിന്റെ പരിവർത്തനസമയത്ത് കർത്താവ് അവനോട് പറഞ്ഞു, "ഞാൻ യേശു ആകുന്നു"—പ്രവൃ. 9:5:

1) കർത്താവ് ഇപ്രകാരം പറയുകയായിരുന്നു, "ഞാൻ മഹാനായ ഞാൻ ആകുന്നവനാണ്; ഞാനാണ് ആകുന്നവൻ; ഞാൻ ആകുന്നു എന്നും നീ അല്ലെന്നും നീ വിശ്വസിക്കണം."

2) ഒടുവിൽ, ശൗൽ അവസാനിച്ചു, പൗലൊസ് വന്നു—13:9.

പ്രവൃ. 13:9 എന്നാൽ പൗലൊസ് കൂടിയായ ശൗൽ, പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് അവനെ സൂക്ഷിച്ചു നോക്കിയിട്ട്,

g. ഇതാണ് വിശ്വാസം—"ഒന്നുമില്ലാത്തതിന്റെയും ഒന്നുമല്ലാത്തതിന്റെയും, തേജസ്സിൽ ജീവിക്കുന്ന ഒരു ക്രിസ്തുവിനെ മാത്രം കാണുന്നതിന്റെയും, ഇവിടെ അവന്റെ താൽപ്പര്യങ്ങൾ ഒഴികെ മറ്റൊന്നിനും വേണ്ടി കരുതാത്തതിന്റെയും സന്തോഷം"— ജെ.എൻ. ഡാർബി.

2. വിശ്വാസം എന്നാൽ ദൈവം തന്നെ ശുഷ്കാന്തിയോടെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം നൽകുന്നവനാണെന്ന് നാം വിശ്വസിക്കുന്നതാണ്—എബ്രാ. 11:6; ഉല്പ. 15:1; ഫിലി. 3:8, 14:

എബ്രാ. 11:6 എന്നാൽ വിശ്വാസം കൂടാതെ ദൈവത്തിനു സുപ്രസാദകരമാകുക അസാധ്യമാകുന്നു, എന്തെന്നാൽ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ട് വരുന്നവൻ, ദൈവം ആകുന്നു എന്നും അവനെ ശുഷ്കാന്തിയോടെ അന്വേഷിക്കുന്നവർക്ക് അവൻ പ്രതിഫലം നൽകുന്നവനാകുന്നു എന്നും വിശ്വസിക്കണം.

ഉല്പ. 15:1 അതിന്റെ ശേഷം അബ്രാമിന്നു ദർശനത്തിൽ യഹോവയുടെ അരുളപ്പാടു ഉണ്ടായതെന്തെന്നാൽ: അബ്രാമേ, ഭയപ്പെടേണ്ടാ; ഞാൻ നിന്റെ പരിചയും നിന്റെ അതിമഹത്തായ പ്രതിഫലവും ആകുന്നു.

ഫിലി. 3:8 അത്രയുമല്ല എന്റെ കർത്താവായ ക്രിസ്തു യേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ സകലവും നഷ്ടമെന്ന് എണ്ണുന്നു, ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും,

ഫിലി. 3:14 ദൈവം ക്രിസ്തു യേശുവിൽ എന്നെ മേലേയ്ക്ക് വിളിച്ചിരിക്കുന്ന സമ്മാനത്തിനായി ലക്ഷ്യത്തിലേക്ക് പിൻപറ്റുന്നു.

a. ഹാനോക്കിന്റെ പ്രതിഫലം ജീവന്റെ പരമോന്നത നിലയായിരുന്നു—മരണത്തിൽ നിന്നുള്ള രക്ഷപ്പെടൽ—എബ്രാ. 11:5; 2 കൊരി. 5:4; റോമ. 8:6, 10-11; 5:17.

എബ്രാ. 11:5 വിശ്വാസത്താൽ ഹാനോക്, താൻ മരണം കാണാതിരിക്കുവാൻ തക്കവണ്ണം മാറ്റപ്പെട്ടു; ദൈവം അവനെ മാറ്റിയതിനാൽ അവനെ കണ്ടില്ല. മാറ്റപ്പെടുന്നതിനു മുമ്പ് അവൻ ദൈവത്തിനു സുപ്രസാദമുള്ളവൻ എന്ന സാക്ഷ്യം പ്രാപിച്ചു.

2 കൊരി. 5:4 കൂടാതെ, മർത്യമായത് ജീവനാൽ വിഴുങ്ങപ്പെടേണ്ടതിന്, ഈ കൂടാരത്തിൽ ആയിരിക്കുന്ന ഞങ്ങൾ, ധരിക്കാത്തവരായല്ല ധരിച്ചവരായത്രേ ആയിരിക്കുവാൻ ഇച്ഛിച്ചുകൊണ്ട് ഭാരപ്പെട്ട്

ഞരങ്ങുന്നു.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

റോമ. 8:10 എന്നാൽ ക്രിസ്തു നിങ്ങളിൽ ഉണ്ടെങ്കിലോ, ശരീരം പാപം നിമിത്തം മരിച്ചതെങ്കിലും, ആത്മാവ് നീതി നിമിത്തം ജീവൻ ആകുന്നു.

റോമ. 8:11 യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

റോമ. 5:17 ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും.

b. കർത്താവ് പ്രതിഫലം നൽകുന്നവനാണ്, നാം അവനെ അന്വേഷിക്കുന്നവരായിരിക്കണം—സങ്കീ. 27:4, 8; 42:1-2; 43:4; 73:25; 119:2, 10.

സങ്കീ. 27:4 ഞാൻ യഹോവയോടു ഒരു കാര്യം അപേക്ഷിച്ചു; അതു തന്നേ ഞാൻ ആഗ്രഹിക്കുന്നു; യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിന്നു തന്നേ.

സങ്കീ. 27:8 "എന്റെ മുഖം അന്വേഷിപ്പിൻ" എന്നു നിങ്കൽനിന്നു കല്പന വന്നു എന്നു എന്റെ ഹൃദയം പറയുന്നു; യഹോവേ, ഞാൻ നിന്റെ മുഖം അന്വേഷിക്കുന്നു.

സങ്കീ. 42:1 രണ്ടാം പുസ്തകം.സംഗീതപ്രമാണിക്കു; കോരഹ് പുത്രന്മാരുടെ ഒരു ധ്യാനം. മാൻ നീർത്തോടുകളിലേക്കു ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ദൈവമേ, എന്റെ ആത്മാവു നിന്നോടു ചേരുവാൻ കാംക്ഷിക്കുന്നു.

സങ്കീ. 42:2 എന്റെ ആത്മാവു ദൈവത്തിന്നായി, ജീവനുള്ള ദൈവത്തിന്നായി തന്നേ, ദാഹിക്കുന്നു; ഞാൻ എപ്പോൾ ദൈവസന്നിധിയിൽ ചെല്ലുവാനിടയാകും.

സങ്കീ. 43:4 ഞാൻ ദൈവത്തിന്റെ പീഠത്തിങ്കലേക്കു, എന്റെ പരമാനന്ദമായ ദൈവത്തിങ്കലേക്കു ചെല്ലും; ദൈവമേ, എന്റെ ദൈവമേ, കിന്നരംകൊണ്ടു ഞാൻ നിന്നെ സ്തുതിക്കും.

സങ്കീ. 73:25 സ്വർഗ്ഗത്തിൽ എനിക്കു ആരുള്ളു? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ ഒന്നും ആഗ്രഹിക്കുന്നില്ല.

സങ്കീ. 119:2 അവന്റെ സാക്ഷ്യങ്ങളെ പ്രമാണിച്ചു പൂർണ്ണഹൃദയത്തോടെ അവനെ അന്വേഷിക്കുന്നവർ ഭാഗ്യവാന്മാർ.

സങ്കീ. 119:10 ഞാൻ പൂർണ്ണഹൃദയത്തോടെ നിന്നെ അന്വേഷിക്കുന്നു; നിന്റെ കല്പനകൾ വിട്ടുനടപ്പാൻ എനിക്കു ഇടവരരുതേ.

C. ഒന്നാമതായി ഉൾപ്രാപിതനായ വ്യക്തി എന്ന നിലയിൽ ഹാനോക്, ജീവിച്ചിരിക്കുമ്പോൾ ഉൾപ്രാപിതരാകുന്ന എല്ലാ ജയാളികളുടെയും പ്രതിനിധിയാണ്—മത്താ. 24:37-51; വെളി. 14:1; ലൂക്കൊ. 21:34-36:

മത്താ. 24:37 എപ്രകാരം നോഹയുടെ നാളുകൾ ആയിരുന്നുവോ, അപ്രകാരം തന്നെ മനുഷ്യപുത്രന്റെ വരവും ആയിരിക്കും.

| | |
|---|---|
| മത്താ. 24:38 | എന്തെന്നാൽ ജലപ്രളയത്തിനു മുമ്പുള്ള ആ നാളുകളിൽ, നോഹ പെട്ടകത്തിനുള്ളിലേക്കു പ്രവേശിച്ച നാൾവരെ, അവർ തിന്നുകയും കുടിക്കുകയും, വിവാഹം കഴിക്കുകയും വിവാഹത്തിന് ഏൽപ്പിക്കുകയും ചെയ്തിരുന്ന പോലെ, |
| മത്താ. 24:39 | ജലപ്രളയം വന്നു എല്ലാറ്റിനെയും എടുത്തുകൊണ്ടു പോയതുവരെ, ന്യായവിധി വരുന്നുണ്ടെന്ന് അവർ അറിഞ്ഞില്ല; മനുഷ്യപുത്രന്റെ വരവും അങ്ങനെതന്നെ ആയിരിക്കും. |
| മത്താ. 24:40 | ആ സമയത്ത് രണ്ടു പുരുഷന്മാർ വയലിൽ ഉണ്ടായിരിക്കും; ഒരാൾ എടുക്കപ്പെടുന്നു, ഒരാൾ ഉപേക്ഷിക്കപ്പെടുന്നു. |
| മത്താ. 24:41 | രണ്ടു സ്ത്രീകൾ തിരികല്ലിൽ പൊടിക്കുകയായിരിക്കും; ഒരുവൾ എടുക്കപ്പെടുന്നു, ഒരുവൾ ഉപേക്ഷിക്കപ്പെടുന്നു. |
| മത്താ. 24:42 | അതുകൊണ്ട്, നിങ്ങളുടെ കർത്താവ് ഏതു നാളിൽ വരുന്നു എന്ന് നിങ്ങൾ അറിയാത്തതിനാൽ, ഉണർന്നിരിക്കുവിൻ. |
| മത്താ. 24:43 | എന്നാൽ ഇതറിഞ്ഞുകൊള്ളുവിൻ, കള്ളൻ ഏതു യാമത്തിൽ വരുന്നു എന്ന് വീട്ടുടയവൻ അറിഞ്ഞിരുന്നു എങ്കിൽ, അവൻ ഉണർന്നിരിക്കുകയും തന്റെ ഭവനം കുത്തിത്തുറക്കപ്പെടുവാൻ അനുവദിക്കാതിരിക്കുകയും ചെയ്യുമായിരുന്നു. |
| മത്താ. 24:44 | ഇക്കാരണത്താൽ, നിങ്ങൾ പ്രതീക്ഷിക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതിനാൽ നിങ്ങളും ഒരുങ്ങിയിരിക്കുവിൻ. |
| മത്താ. 24:45 | അപ്പോൾ, യജമാനൻ തന്റെ ഭവനക്കാർക്കുമേൽ, അവർക്കു ശരിയായസമയത്തു ഭക്ഷണം കൊടുക്കുവാനായി ആക്കിവച്ചിരിക്കുന്ന വിശ്വസ്തനും വിവേകവുമുള്ള അടിമ ആരാകുന്നു? |
| മത്താ. 24:46 | തന്റെ യജമാനൻ വരുമ്പോൾ, അങ്ങനെതന്നെചെയ്യുന്നതായി കാണുന്ന ആ അടിമ അനുഗ്രഹീതനാകുന്നു. |
| മത്താ. 24:47 | അവൻ തന്റെ സകല വസ്തുവകകൾക്കും മേൽ അവനെ ആക്കിവയ്ക്കും എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. |
| മത്താ. 24:48 | എന്നാൽ ആ ദുഷ്ട അടിമ തന്റെ ഹൃദയത്തിൽ, എന്റെ യജമാനൻ വൈകുന്നു എന്നു പറയുകയും, |
| മത്താ. 24:49 | തന്റെ കൂട്ടടിമകളെ അടിക്കുവാൻ തുടങ്ങുകയും കുടിയന്മാരോടുകൂടെ തിന്നുകയും കുടിക്കുകയും ചെയ്താൽ, |
| മത്താ. 24:50 | ആ അടിമയുടെ യജമാനൻ, അവൻ പ്രതീക്ഷിക്കാത്ത നാളിലും, അവൻ അറിയാത്ത നാഴികയിലും വരുകയും, |
| മത്താ. 24:51 | അവനെ വെട്ടിമാറ്റുകയും അവന്റെ പങ്കു കപടഭക്തിക്കാരോടുകൂടെ നിയോഗിക്കുകയും ചെയ്യും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടായിരിക്കും. |
| വെളി. 14:1 | ഇതാ, സീയോൻമലയിൽ കുഞ്ഞാടും അവനോടുകൂടെ നെറ്റിയിൽ അവന്റെ നാമവും അവന്റെ പിതാവിന്റെ നാമവും എഴുതപ്പെട്ടിരിക്കുന്ന നൂറ്റിനാൽപത്തിനാലായിരം പേരും നിൽക്കുന്നതു ഞാൻ കണ്ടു. |
| ലൂക്കൊ. 21:34 | എന്നാൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊള്ളുവിൻ, അല്ലാഞ്ഞാൽ ഒരുപക്ഷേ നിങ്ങളുടെ ഹൃദയങ്ങൾ അമിതഭോഗത്താലും മദ്യപാനത്താലും ജീവിതത്തിന്റെ വ്യാകുലതകളാലും ഭാരപ്പെട്ട്, ആ ദിവസം പെട്ടെന്ന് ഒരു കെണിപോലെ നിങ്ങളുടെ മേൽ വരും. |
| ലൂക്കൊ. 21:35 | എന്തെന്നാൽ സർവഭൂമിയിന്മേലും നിവസിക്കുന്ന എല്ലാവരുടെയും മേൽ അതു കടന്നു വരും. |
| ലൂക്കൊ. 21:36 | എന്നാൽ സംഭവിക്കുവാൻ പോകുന്ന ഈ കാര്യങ്ങളിൽ നിന്നെല്ലാം രക്ഷപ്പെടുവാനും മനുഷ്യപുത്രന്റെ മുമ്പാകെ നിൽക്കുവാനും നിങ്ങൾ പ്രബലപ്പെടേണ്ടതിന് അപേക്ഷിച്ചുകൊണ്ട്, എല്ലാ നേരത്തും |

ഉണർന്നിരിക്കുവിൻ.

1. നാം ഉൾപ്രാപിതരാകുന്നത് ദൈവത്തോടുകൂടെയുള്ള നമ്മുടെ നടപ്പിനാൽ നാം ദിവ്യജീവനിൽ പക്വത പ്രാപിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു—എബ്രാ. 6:1.

| | |
|---|---|
| എബ്രാ. 6:1 | അതുകൊണ്ട് ക്രിസ്തുവിന്റെ, ആരംഭവചനം വിട്ടുകളഞ്ഞിട്ട്... (2) നമുക്കു പക്വതയിലേക്ക് നടത്തപ്പെടാം. |

2. ഹാനോക് ഓരോ ദിവസവും ദൈവത്തോട് കൂടുതൽ അടുക്കുകയും ദൈവവുമായി കൂടുതൽ ഒന്നായിത്തീരുകയും ചെയ്തുകൊണ്ട്, "ദൈവം അവനെ എടുത്തുകൊണ്ടതിനാൽ" കാണാതാകുവോളം, മൂന്ന് നൂറ്റാണ്ട്, ഓരോ ദിവസവും ദൈവത്തോടുകൂടെ രാപ്പകൽ തുടർമാനമായി മേലോട്ട് നടന്നു—ഉല്പ. 5:24; പ്ര.നി. ഉത്ത. 8:5.

| | |
|---|---|
| ഉത്ത. 8:5 | മരുഭൂമിയിൽനിന്നു തന്റെ പ്രിയന്റെമേൽ ചാരിക്കൊണ്ടു വരുന്നോരിവൾ ആർ? നാരകത്തിൻചുവട്ടിൽവെച്ചു ഞാൻ നിന്നെ ഉണർത്തി;: ... |

**III. ആദ്യഫലമാകുവാൻ കുഞ്ഞാടിനെ അനുഗമിച്ച് പക്വതയിലേക്ക് എത്തുന്നതിന്, വരുവാനിരിക്കുന്ന രാജ്യത്തിൽ നമ്മുടെ പ്രതിഫലമായി ക്രിസ്തുവിനെ നേടുന്നതിന്, ദൈവത്തിന്റെ ഭവനക്കാർക്ക് അവനെ ഭക്ഷണമായി നൽകുവാനുള്ള കർത്താവിന്റെ നിയോഗത്തിൽ നാം സേവനത്തിൽ വിശ്വസ്തരായിരിക്കണം—മത്താ. 24:45-51:**

| | |
|---|---|
| മത്താ. 24:45 | അപ്പോൾ, യജമാനൻ തന്റെ ഭവനക്കാർക്കുമേൽ, അവർക്കു ശരിയായസമയത്തു ഭക്ഷണം കൊടുക്കുവാനായി ആക്കിവച്ചിരിക്കുന്ന വിശ്വസ്തനും വിവേകവുമുള്ള അടിമ ആരാകുന്നു? |
| മത്താ. 24:46 | തന്റെ യജമാനൻ വരുമ്പോൾ, അങ്ങനെതന്നെചെയ്യുന്നതായി കാണുന്ന ആ അടിമ അനുഗൃഹീതനാകുന്നു. |
| മത്താ. 24:47 | അവൻ തന്റെ സകല വസ്തുവകകൾക്കും മേൽ അവനെ ആക്കിവയ്ക്കും എന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. |
| മത്താ. 24:48 | എന്നാൽ ആ ദുഷ്ട അടിമ തന്റെ ഹൃദയത്തിൽ, എന്റെ യജമാനൻ വൈകുന്നു എന്നു പറയുകയും, |
| മത്താ. 24:49 | തന്റെ കൂട്ടടിമകളെ അടിക്കുവാൻ തുടങ്ങുകയും കുടിയന്മാരോടുകൂടെ തിന്നുകയും കുടിക്കുകയും ചെയ്താൽ, |
| മത്താ. 24:50 | ആ അടിമയുടെ യജമാനൻ, അവൻ പ്രതീക്ഷിക്കാത്ത നാളിലും, അവൻ അറിയാത്ത നാഴികയിലും വരുകയും, |
| മത്താ. 24:51 | അവനെ വെട്ടിമാറ്റുകയും അവന്റെ പങ്കു കപടഭക്തിക്കാരോടുകൂടെ നിയോഗിക്കുകയും ചെയ്യും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടായിരിക്കും. |

A. ദൈവത്തിന് ഒരു ഭവനക്കാരും, ഒരു ഭവന കാര്യനിർവഹണം എന്ന ഒരു വ്യവസ്ഥയും ഉണ്ട്, അത് തന്റെ ആവിഷ്കാരത്തിനായി തന്റെ ഭവനത്തിലെ അംഗങ്ങൾക്ക് അവനെത്തന്നെ ഭക്ഷണമായി പകരുന്നതാണ്—1 തിമൊ. 1:4; 3:15; എഫെ. 2:19.

| | |
|---|---|
| 1 തിമൊ. 1:4 | വിശ്വാസത്തിലുള്ള ദൈവവ്യവസ്ഥയെക്കാൾ ചോദ്യംചെയ്യലുകൾ ഉളവാക്കുന്ന കെട്ടുകഥകൾക്കും അന്തമില്ലാത്ത വംശാവലികൾക്കും ശ്രദ്ധ കൊടുക്കരുതെന്നും ആജ്ഞാപിക്കേണ്ടതിന് നീ എഫെസൊസിൽ തുടരുവാൻ ഞാൻ നിന്നെ പ്രബോധിപ്പിച്ചതു പോലെ തന്നെ. |
| 1 തിമൊ. 3:15 | എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു. |

| | |
|---|---|
| എഫെ. 2:19 | അതിനാൽ നിങ്ങൾ ഇനി അന്യരും പരദേശികളും അല്ല, വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനത്തിലെ അംഗങ്ങളും ആകുന്നു. |

B. തന്റെ ജനത്തിന് തക്കസമയത്ത് ഭക്ഷണം നൽകുന്നതിന്, തന്റെ ഭവനക്കാരുടെമേൽ ഭവന കാര്യനിർവഹകർ, കാര്യവിചാരകന്മാർ, ജീവസഹായത്തിന്റെ ചാലുകൾ എന്നീ നിലയിൽ ദൈവം വിശ്വസ്തരും വിവേകമുള്ളവരുമായ അടിമകളെ നിയമിച്ചിരിക്കുന്നു—മത്താ. 24:45; 1 കൊരി. 9:17; എഫെ. 3:2; 1 കൊരി. 4:1; 1 പത്രൊ. 4:10; ഫിലി. 1:25.

| | |
|---|---|
| മത്താ. 24:45 | അപ്പോൾ, യജമാനൻ തന്റെ ഭവനക്കാർക്കുമേൽ, അവർക്കു ശരിയായസമയത്തു ഭക്ഷണം കൊടുക്കുവാനായി ആക്കിവച്ചിരിക്കുന്ന വിശ്വസ്തനും വിവേകവുമുള്ള അടിമ ആരാകുന്നു? |
| 1 കൊരി. 9:17 | ഇതു ഞാൻ സ്വമനസ്സാലെ ചെയ്യുന്നു എങ്കിൽ, എനിക്ക് പ്രതിഫലം ഉണ്ട്; എന്നാൽ സ്വമനസ്സാലെ അല്ലെങ്കിൽ, ഒരു കാര്യവിചാരകത്വത്താൽ ഞാൻ ഭരമേൽപ്പിക്കപ്പെട്ടിരിക്കുന്നു. |
| എഫെ. 3:2 | നിങ്ങൾക്കായി എനിക്കു നൽകപ്പെട്ട ദൈവകൃപയുടെ കാര്യവിചാരകത്വത്തെക്കുറിച്ച് നിങ്ങൾ വാസ്തവമായി കേട്ടിട്ടുണ്ടെങ്കിൽ, |
| 1 കൊരി. 4:1 | ഇപ്രകാരം, ക്രിസ്തുവിന്റെ സേവകന്മാരായും ദൈവമർമങ്ങളുടെ കാര്യവിചാരകന്മാരായും ഒരു മനുഷ്യൻ ഞങ്ങളെ എണ്ണിക്കൊള്ളേണം. |
| 1 പത്രൊ. 4:10 | ഓരോരുത്തനും, തനിക്ക് വരം ലഭിച്ചിരിക്കുന്നതുപോലെ, ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരായി നിങ്ങളുടെ ഇടയിൽ അത് ശുശ്രൂഷിച്ചുകൊണ്ടുതന്നെ. |
| ഫിലി. 1:25 | ഇതിൽ ഉറപ്പുണ്ടായിട്ട്, നിങ്ങളുടെ വിശ്വാസത്തിന്റെ പുരോഗതിക്കും സന്തോഷത്തിനുമായി ഞാൻ ജീവിച്ചിരിക്കുകയും നിങ്ങൾ എല്ലാവരോടുംകൂടെ തുടരുകയും ചെയ്യും എന്ന് ഞാൻ അറിയുന്നു, |

C. *അവർക്ക് ഭക്ഷണം നൽകുക* എന്നത് സഭയിൽ വിശ്വാസികൾക്ക് ജീവസഹായം എന്ന നിലയിൽ ദൈവവചനത്തെയും ക്രിസ്തുവിനെയും ശുശ്രൂഷിക്കുന്നതിനെയാണ് സൂചിപ്പിക്കുന്നത്; ജീവന്റെ വചനത്തിൽ ദേഹരൂപം ചെയ്യുകയും സാക്ഷാൽക്കരിക്കപ്പെടുകയും ചെയ്യുന്ന ജീവൻ നൽകുന്ന ആത്മാവായ ക്രിസ്തുവാണ് നമ്മുടെ ഭക്ഷണം—യോഹ. 6:57, 63, 68; പ്രവൃ. 5:20:

| | |
|---|---|
| യോഹ. 6:57 | ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും. |
| യോഹ. 6:63 | ജീവൻ നൽകുന്നത് ആത്മാവാകുന്നു; മാംസം ഒന്നിനും പ്രയോജനപ്പെടുന്നില്ല; ഞാൻ നിങ്ങളോടു സംസാരിച്ചിരിക്കുന്ന വചനങ്ങൾ ആത്മാവും ജീവനും ആകുന്നു. |
| യോഹ. 6:68 | ശിമോൻ പത്രൊസ് അവന് ഉത്തരം നൽകി, കർത്താവേ, ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിന്റെ പക്കൽ നിത്യജീവന്റെ വചനങ്ങൾ ഉണ്ട്, |
| പ്രവൃ. 5:20 | പോയി ദൈവാലയത്തിൽ നിന്ന് ഈ ജീവന്റെ വചനങ്ങളെല്ലാം ജനത്തോട് സംസാരിക്കുവിൻ എന്നു പറഞ്ഞു. |

1. മറ്റുള്ളവരെ പോഷിപ്പിക്കുവാൻ തക്കവണ്ണം നമ്മുടെ ആത്മിക ഭക്ഷണമായി കർത്താവിനെ ആസ്വദിക്കുന്നതിന്, നാം അവന്റെ വചനത്തെ ശ്രദ്ധാപൂർവം പരിഗണച്ച് അതിനെ രുചിക്കുകയും ആസ്വദിക്കുകയും ചെയ്തുകൊണ്ട് അതിന്മേൽ പ്രാർഥിക്കുകയും ധ്യാനിക്കുകയും വേണം—എഫെ. 6:17-18; സങ്കീ. 119:15; യെഹെ. 3:1-4.

എഫെ. 6:17 — രക്ഷയുടെ ശിരസ്ത്രവും ആത്മാവിന്റെ വാളും കൈക്കൊള്ളുവിൻ, ആ ആത്മാവ് ദൈവവചനം ആകുന്നു,

എഫെ. 6:18 — സകല പ്രാർഥനയും അപേക്ഷയും മുഖാന്തരം, ഏത് നേരത്തും ആത്മാവിൽ പ്രാർഥിച്ചും സകല സ്ഥിരോത്സാഹത്തോടെ ഇതിനായി ജാഗരിച്ചുംകൊണ്ട്, സകല വിശുദ്ധന്മാർക്കും,

സങ്കീ. 119:15 — ഞാൻ നിന്റെ പ്രമാണങ്ങളെ ധ്യാനിക്കയും നിന്റെ വഴികളെ സൂക്ഷിക്കയും ചെയ്യുന്നു.

യെഹെ. 3:1 — അവൻ എന്നോടു: മനുഷ്യപുത്രാ, നീ കാണുന്നതു തിന്നുക: ഈ ചുരുൾ തിന്നിട്ടു ചെന്നു യിസ്രായേൽഗൃഹത്തോടു സംസാരിക്ക എന്നു കല്പിച്ചു.

യെഹെ. 3:2 — ഞാൻ വായ്തുറന്നു, അവൻ ആ ചുരുൾ എനിക്കു തിന്മാൻ തന്നു എന്നോടു:

യെഹെ. 3:3 — മനുഷ്യപുത്രാ, ഞാൻ നിനക്കു തരുന്ന ഈ ചുരുൾ നീ വയറ്റിൽ ആക്കി ഉദരം നിറെക്ക എന്നു കല്പിച്ചു; അങ്ങനെ ഞാൻ അതു തിന്നു; അതു വായിൽ തേൻ പോലെ മധുരമായിരുന്നു.

യെഹെ. 3:4 — പിന്നെ അവൻ എന്നോടു കല്പിച്ചതു: മനുഷ്യപുത്രാ, നീ യിസ്രായേൽഗൃഹത്തിന്റെ അടുക്കൽ ചെന്നു എന്റെ വചനങ്ങളെ അവരോടു പ്രസ്താവിക്ക.

2. നാം പ്രാർഥനയ്ക്കും വചനശുശ്രൂഷയ്ക്കുമായി നമ്മെത്തന്നെ അർപ്പിക്കണം—പ്രവൃ. 6:4; 2 കൊരി. 3:6, 8; യോഹ. 7:37-39; പ്ര.നി. എബ്രാ. 7:25; 8:2.

പ്രവൃ. 6:4 — എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും.

2 കൊരി. 3:6 — അവൻ ഞങ്ങളെ പുതിയ ഉടമ്പടിയുടെ ശുശ്രൂഷക്കാരായി പര്യാപ്തരാക്കിയിരിക്കുന്നു, അക്ഷരത്തിന്റെയല്ല ആത്മാവിന്റെ ശുശ്രൂഷക്കാരത്രേ; അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവൻ നൽകുന്നു.

2 കൊരി. 3:8 — ആത്മാവിന്റെ ശുശ്രൂഷ എങ്ങനെ അധികം തേജസ്സിൽ അല്ലാതിരിക്കും?

യോഹ. 7:37 — വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.

യോഹ. 7:38 — തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും.

യോഹ. 7:39 — എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

എബ്രാ. 7:25 — അതിനാൽ അവനിലൂടെ ദൈവത്തിന്റെ അടുക്കൽ മുമ്പോട്ടു കടന്നു വരുന്നവർക്കു വേണ്ടി പക്ഷവാദം ചെയ്യുവാൻ അവൻ എപ്പോഴും ജീവിക്കുന്നതിനാൽ, അവരെ അങ്ങേയറ്റം രക്ഷിക്കുവാൻ പ്രാപ്തനാകുന്നു.

എബ്രാ. 8:2 — വിശുദ്ധസ്ഥലങ്ങളുടെ, മനുഷ്യനല്ല കർത്താവ് ഉറപ്പിച്ച സത്യകൂടാരത്തിന്റെ തന്നെ ശുശ്രൂഷകനായ ഇങ്ങനെ ഒരു മഹാപുരോഹിതൻ നമുക്കുണ്ട്.

D. നമ്മുടെ യജമാനൻ വൈകുന്നുവെന്ന് ഹൃദയത്തിൽ പറയുന്നത് ഇപ്പോഴത്തെ ദുഷ്ടയുഗത്തെ സ്നേഹിക്കുകയും, കർത്താവിന്റെ പ്രത്യക്ഷതയെ സ്നേഹിക്കാതിരിക്കുകയും ചെയ്യുന്നതാണ്—മത്താ. 24:48; 2 തിമൊ. 4:8, 10; പ്ര.നി. പ്രവൃ. 26:16:

| | |
|---|---|
| മത്താ. 24:48 | എന്നാൽ ആ ദുഷ്ട അടിമ തന്റെ ഹൃദയത്തിൽ, എന്റെ യജമാനൻ വൈകുന്നു എന്നു പറയുകയും, |
| 2 തിമൊ. 4:8 | ഇനി നീതിയുടെ കിരീടം എനിക്കായി വച്ചിരിക്കുന്നു, അത് നീതിയുള്ള ന്യായാധിപനായ കർത്താവ് ആ നാളിൽ എനിക്കു പ്രതിഫലം തരും, എനിക്കു മാത്രമല്ല അവന്റെ പ്രത്യക്ഷതയെ സ്നേഹിച്ചിരിക്കുന്ന എല്ലാവർക്കും തന്നേ. |
| 2 തിമൊ. 4:10 | ദേമാസ് ഇപ്പോഴത്തെ യുഗത്തെ സ്നേഹിച്ചിട്ട്, എന്നെ ഉപേക്ഷിച്ച്, തെസ്സലൊനീക്യയിലേക്കു പോയി; ക്രേസ്കേസ് ഗലാത്യയിലേക്കും, തീത്തൊസ് ദല്മാത്യയിലേക്കും പോയി. |
| പ്രവൃ. 26:16 | എന്നാൽ എഴുന്നേറ്റ് നിവർന്നുനിൽക്കുക; നീ എന്നെ കണ്ട കാര്യങ്ങൾക്കും ഞാൻ നിനക്കു പ്രത്യക്ഷനാകുവാൻ പോകുന്ന കാര്യങ്ങൾക്കും, നിന്നെ ശുശ്രൂഷകനും സാക്ഷിയുമായി നിയമിക്കുവാൻ നിനക്ക് ഞാൻ പ്രത്യക്ഷനായിരിക്കുന്നു; |

1. നാം നമുക്കായി നിക്ഷേപം സ്വരൂപിക്കാതെ, ദൈവത്തോട് സമ്പന്നരാകുവാൻ അത്യാഗ്രഹത്തെക്കുറിച്ച് ജാഗ്രത പാലിക്കണം—ലൂക്കൊ. 12:15-20; 2 കൊരി. 6:10; എഫെ. 3:8.

| | |
|---|---|
| ലൂക്കൊ. 12:15 | അവൻ അവരോട്, സകല ദ്രവ്യാഗ്രഹത്തിൽനിന്നും നിങ്ങളെത്തന്നെ സൂക്ഷിക്കുകയും കാക്കുകയും ചെയ്യുവിൻ, എന്തെന്നാൽ ആരുടേയും ജീവൻ അവന്റെ വസ്തുവകകളുടെ ആധിക്യത്തിലല്ല ഉള്ളതെന്നു പറഞ്ഞു. |
| ലൂക്കൊ. 12:16 | അവൻ അവരോട് ഉപമ പറഞ്ഞത്, ധനികനായ ഒരു മനുഷ്യന്റെ നിലം സമൃദ്ധമായി വിളവു പുറപ്പെടുവിച്ചു, |
| ലൂക്കൊ. 12:17 | അവനോ, ഞാൻ എന്തു ചെയ്യേണം, എന്റെ വിളവുകൾ ശേഖരിക്കേണ്ടതിന് എനിക്ക് ഇടമില്ലല്ലോ? എന്നു പറഞ്ഞുകൊണ്ട് തന്നിൽത്തന്നെ വാദിച്ചു. |
| ലൂക്കൊ. 12:18 | അവൻ പറഞ്ഞു, ഞാൻ ഇതു ചെയ്യും: ഞാൻ എന്റെ കളപ്പുരകൾ നശിപ്പിച്ച് വലിയവ പണിയും, അവിടെ ഞാൻ എന്റെ എല്ലാ ഗോതമ്പും സാധനങ്ങളും ശേഖരിക്കും. |
| ലൂക്കൊ. 12:19 | ഞാൻ എന്റെ ദേഹിയോട്, ദേഹിയേ, നിനക്ക് അനേകം വർഷങ്ങൾക്കുള്ള അനേകം സാധനങ്ങൾ കൂട്ടിവച്ചിരിക്കുന്നു; വിശ്രമിക്ക, ഭക്ഷിക്ക, കുടിക്ക, ആനന്ദിക്ക എന്നു പറയും. |
| ലൂക്കൊ. 12:20 | എന്നാൽ ദൈവം അവനോട്, മൂഢാ, ഈ രാത്രിയിൽ നിന്നിൽനിന്ന് നിന്റെ ദേഹിയെ അവർ ആവശ്യപ്പെടുന്നു; നീ ഒരുക്കി വച്ചിരിക്കുന്ന കാര്യങ്ങൾ, അവ ആരുടേതാകും? എന്നു ചോദിച്ചു. |
| 2 കൊരി. 6:10 | ദുഃഖിപ്പാൻ ഇടവരുന്നവരെങ്കിലും എപ്പോഴും സന്തോഷിക്കുന്നവർ; ദരിദ്രരെങ്കിലും അനേകരെ സമ്പന്നരാക്കുന്നവർ; ഒന്നുമില്ലാത്തവരെങ്കിലും സകലവും കൈവശമുള്ളവർ. |
| എഫെ. 3:8 | സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനിലും ചെറിയവനായ എനിക്ക്, ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ സുവിശേഷമായി അറിയിക്കുവാനും, |

2. "ലോത്തിന്റെ ഭാര്യയെ ഓർത്തുകൊള്ളുവിൻ" എന്നത് ലോകത്തെ സ്നേഹിക്കുന്ന വിശ്വാസികൾക്കുള്ള ഒരു ഗൗരവമേറിയ മുന്നറിയിപ്പാണ്—ലൂക്കൊ. 17:31-32; പ്ര.നി. റോമ. 1:21, 25.

| | |
|---|---|
| ലൂക്കൊ. 17:31 | ആ നാളിൽ, മേൽക്കൂരയിൽ ആയിരിക്കുകയും തന്റെ സാധനങ്ങൾ വീട്ടിൽ ആയിരിക്കുകയും ചെയ്യുന്നവൻ, അവ എടുക്കുവാൻ താഴെ ഇറങ്ങി വരാതിരിക്കട്ടെ; വയലിലുള്ളവനും, അങ്ങനെതന്നെ, പിന്നിലുള്ള കാര്യങ്ങളിലേക്കു തിരിയാതിരിക്കട്ടെ. |
| ലൂക്കൊ. 17:32 | ലോത്തിന്റെ ഭാര്യയെ ഓർത്തുകൊള്ളുവിൻ. |
| റോമ. 1:21 | എന്തുകൊണ്ടെന്നാൽ അവർ ദൈവത്തെ അറിഞ്ഞുവെങ്കിലും, അവർ അവനെ ദൈവമെന്ന് മഹത്വപ്പെടുത്തുകയോ അവന് നന്ദി ചൊല്ലുകയോ ചെയ്തില്ല, മറിച്ച് തങ്ങളുടെ വാദങ്ങളിൽ വ്യർഥരായിത്തീരുകയും, തങ്ങളുടെ ഹൃദയം, ഗ്രാഹ്യമില്ലാതെ ഇരുണ്ടുപോകുകയും ചെയ്തു. |
| റോമ. 1:25 | അവർ വ്യാജത്തിനുവേണ്ടി ദൈവത്തിന്റെ സത്യത്തെ കൈമാറ്റം ചെയ്യുകയും, സ്രഷ്ടാവിനുപകരം സൃഷ്ടിയെ ആരാധിക്കുകയും സേവിക്കുകയും ചെയ്തു, അവൻ എന്നെന്നേക്കും വാഴ്ത്തപ്പെട്ടവൻ. ആമേൻ. |

3. കർത്താവിന്റെ വരവിന്റെ ദിവസം പെട്ടെന്ന് ഒരു കെണിപോലെ നമ്മുടെ മേൽ വരാതിരിക്കാൻ നാം ഉണർന്നും അപേക്ഷിച്ചുംകൊണ്ടിരിക്കണം—ലൂക്കൊ. 21:34-36; പ്ര.നി. മത്താ. 2:3.

| | |
|---|---|
| ലൂക്കൊ. 21:34 | എന്നാൽ നിങ്ങളെത്തന്നെ സൂക്ഷിച്ചുകൊള്ളുവിൻ, അല്ലാഞ്ഞാൽ ഒരുപക്ഷേ നിങ്ങളുടെ ഹൃദയങ്ങൾ അമിതഭോഗത്താലും മദ്യപാനത്താലും ജീവിതത്തിന്റെ വ്യാകുലതകളാലും ഭാരപ്പെട്ട്, ആ ദിവസം പെട്ടെന്ന് ഒരു കെണിപോലെ നിങ്ങളുടെ മേൽ വരും. |
| ലൂക്കൊ. 21:35 | എന്തെന്നാൽ സർവഭൂമിയിന്മേലും നിവസിക്കുന്ന എല്ലാവരുടെയും മേൽ അതു കടന്നു വരും. |
| ലൂക്കൊ. 21:36 | എന്നാൽ സംഭവിക്കുവാൻ പോകുന്ന ഈ കാര്യങ്ങളിൽ നിന്നെല്ലാം രക്ഷപ്പെടുവാനും മനുഷ്യപുത്രന്റെ മുമ്പാകെ നിൽക്കുവാനും നിങ്ങൾ പ്രബലപ്പെടേണ്ടതിന് അപേക്ഷിച്ചുകൊണ്ട്, എല്ലാ നേരത്തും ഉണർന്നിരിക്കുവിൻ. |
| മത്താ. 2:3 | ഹെരോദാരാജാവ് ഇതു കേട്ടപ്പോൾ, അവനും അവനോടൊപ്പം സകല യെരൂശലേമും അസ്വസ്ഥമായി. |

E. നമ്മുടെ കൂട്ടടിമകളെ അടിക്കുന്നത് നമ്മുടെ സഹവിശ്വാസികളോട് മോശമായി പെരുമാറുന്നതാണ്—24:49; 18:3-7; പ്രവൃ. 9:4:

| | |
|---|---|
| മത്താ. 24:49 | തന്റെ കൂട്ടടിമകളെ അടിക്കുവാൻ തുടങ്ങുകയും കുടിയന്മാരോടുകൂടെ തിന്നുകയും കുടിക്കുകയും ചെയ്താൽ, |
| മത്താ. 18:3 | പറഞ്ഞു, സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ തിരിഞ്ഞ് പൈതങ്ങളെപ്പോലെ ആകാഞ്ഞാൽ ഒരുവിധത്തിലും സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുകയില്ല. |
| മത്താ. 18:4 | അതുകൊണ്ട് ഈ പൈതലിനെപ്പോലെ തന്നെത്താൻ ആർ താഴ്ത്തുമോ, അവനാകുന്നു സ്വർഗരാജ്യത്തിൽ ഏറ്റവും വലിയവൻ. |
| മത്താ. 18:5 | ഇങ്ങനെ ഒരു പൈതലിനെ എന്റെ നാമം നിമിത്തം കൈക്കൊള്ളുന്ന ഏവനും എന്നെ കൈക്കൊള്ളുന്നു. |
| മത്താ. 18:6 | എന്നിലേക്കു വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവന് ഇടർച്ചവരുത്തുന്ന ഏവനും, തന്റെ കഴുത്തിനു ചുറ്റും ഒരു വലിയ |

തിരികല്ല് കെട്ടിത്തൂക്കി നടുക്കടലിൽ മുങ്ങിമരിക്കുന്നത് കൂടുതൽ പ്രയോജനകരം ആകുന്നു.

| | |
|---|---|
| മത്താ. 18:7 | ഇടർച്ചകൾ ഹേതുവായി ലോകത്തിന് അയ്യോ, കഷ്ടം! ഇടർച്ചകൾ വരുന്നത് ആവശ്യം തന്നെ, എന്നാൽ ആരിലൂടെ ഇടർച്ച വരുന്നുവോ, ആ മനുഷ്യന് അയ്യോ, കഷ്ടം! |
| പ്രവൃ. 9:4 | അവൻ നിലത്തു വീണു, അവനോട്, ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നത് എന്ത്? എന്നു പറയുന്ന ഒരു ശബ്ദം കേട്ടു. |

1. നമ്മുടെ സഹവിശ്വാസികളെ വിധിക്കുകയോ കുറ്റം വിധിക്കുകയോ അരുത്, മറിച്ച് ദൈവം ക്രിസ്തുവിൽ നമ്മോട് ക്ഷമിച്ചതുപോലെ, അവരോട് ദയയുള്ളവരും വാത്സല്യമുള്ളവരുമായി അവരോട് ക്ഷമിക്കണം—ലൂക്കൊ. 6:37; എഫെ. 4:31-32.

| | |
|---|---|
| ലൂക്കൊ. 6:37 | വിധിക്കരുത്, നിങ്ങളും വിധിക്കപ്പെടുകയില്ല; ശിക്ഷവിധിക്കരുത്, നിങ്ങളും ശിക്ഷവിധിക്കപ്പെടുകയില്ല; വിട്ടയയ്ക്കുവിൻ, നിങ്ങളും വിട്ടയയ്ക്കപ്പെടും; |
| എഫെ. 4:31 | നിങ്ങളിൽനിന്ന് സകല കയ്പും കോപവും ക്രോധവും ഒച്ചപ്പാടും ദുഷ്ട സംസാരവും, സകല വിദ്വേഷത്തോടുംകൂടെ നീങ്ങിപ്പോകട്ടെ. |
| എഫെ. 4:32 | അന്യോന്യം ദയയുള്ളവരും വാത്സല്യമുള്ളവരും, ദൈവം ക്രിസ്തുവിൽ നിങ്ങളോട് ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിക്കുന്നവരും ആകുവിൻ. |

2. നമ്മുടെ സഹോദരങ്ങളെ നാം ശകാരിക്കുകയോ വിമർശിക്കുകയോ അരുത്, മറിച്ച് അവരെ നമ്മളെക്കാൾ ശ്രേഷ്ഠരായി കണക്കാക്കണം—1 കൊരി. 6:10; ഫിലി. 2:2-3, 29:

| | |
|---|---|
| 1 കൊരി. 6:10 | കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപാനികൾ, അസഭ്യം പറയുന്നവർ, ദുർമോഹികൾ, ഇവരാരും തന്നെ ദൈവരാജ്യം അവകാശമാക്കുകയില്ല. |
| ഫിലി. 2:2 | നിങ്ങൾ ഒരേ കാര്യം ചിന്തിച്ച്, ഒരേ സ്നേഹം ഉള്ളവരായി, ദേഹിയിൽ ചേർന്ന്, ഒരു കാര്യം ചിന്തിച്ചുകൊണ്ട്, |
| ഫിലി. 2:3 | സ്വാർഥമോഹത്താലോ വ്യർഥമഹത്വത്താലോ ഒന്നും ചെയ്യാതെ, തങ്ങളെക്കാൾ മറ്റുള്ളവർ അധികം ശ്രേഷ്ഠർ എന്ന് മനസ്സിന്റെ താഴ്മയിൽ അന്യോന്യം കരുതിക്കൊണ്ട്, |
| ഫിലി. 2:29 | ആയതിനാൽ സകല സന്തോഷത്തോടുംകൂടെ അവനെ കർത്താവിൽ കൈക്കൊള്ളുവിൻ, ഇങ്ങനെയുള്ളവരെ ബഹുമാനത്തോടെ കരുതുവിൻ, |

a. ഒരു സഹോദരനെ അധിക്ഷേപിക്കുന്നത് അവനെ അസഭ്യമായ ഭാഷയിൽ വിമർശിക്കുകയോ തരം താഴ്ത്തുകയോ ചെയ്യുന്നതാണ്—പ്ര.നി. ലൂക്കൊ. 17:2.

| | |
|---|---|
| ലൂക്കൊ. 17:2 | ഈ ചെറിയവരിൽ ഒരുത്തന് ഇടർച്ച വരുത്തുന്നതിനെക്കാൾ, അവന്റെ കഴുത്തിനു ചുറ്റും തിരികല്ലു വച്ച് അവനെ കടലിലേക്കു വീശിയെറിയുന്നത് അവന് ഏറെ പ്രയോജനകരം ആകുന്നു. |

b. അധിക്ഷേപകരമായ വാക്കുകൾ സ്വീകരിക്കുന്നവർ അധിക്ഷേപകരമായ വാക്കുകൾ പറയുന്നവരുടെ അതേ ഉത്തരവാദിത്തം വഹിക്കുന്നു; അത്തരം വാക്കുകൾ ശരീരത്തിന് ഹാനി വരുത്തുന്നു.

c. പ്രകൃത്യാ മറ്റുള്ളവരെ വിമർശിക്കാൻ ഇഷ്ടപ്പെടുന്നവരെ ദൈവം ഒരിക്കലും അധികാരം ഏൽപ്പിക്കുകയില്ല.

3. നമ്മുടെ സഹവിശ്വാസികളുടെ മേൽ നാം കർത്തൃത്വം നടത്തരുത്, മറിച്ച് ജീവൻ നൽകുന്ന ആത്മാവായ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെക്കൊണ്ട് അവരെ പോറ്റുവാൻ ഒരു അടിമയെപ്പോലെ നാം അവരെ സേവിക്കണം—1 പത്രൊ. 5:3; മത്താ. 20:25-28:

| | |
|---|---|
| 1 പത്രൊ. 5:3 | നിങ്ങളുടെ ഓഹരികളുടെ മേൽ കർത്തൃത്വം നടത്തിക്കൊണ്ടല്ല ആട്ടിൻകൂട്ടത്തിന് മാതൃകകളായത്തീർന്നും, മേൽനോട്ടം വഹിച്ചുകൊണ്ടത്രേ. |
| മത്താ. 20:25 | എന്നാൽ യേശു അവരെ തന്റെ അടുക്കൽ വിളിച്ച് അവരോടു പറഞ്ഞു, ജാതികളുടെ അധിപന്മാർ അവരുടെമേൽ കർത്തൃത്വം നടത്തുകയും, വലിയവർ അവരുടെമേൽ അധികാരം പ്രയോഗിക്കുകയും ചെയ്യുന്നു എന്ന് നിങ്ങൾ അറിയുന്നുവല്ലോ. |
| മത്താ. 20:26 | നിങ്ങളുടെ ഇടയിൽ അങ്ങനെ അരുത്; എന്നാൽ, നിങ്ങളുടെ ഇടയിൽ ആരെങ്കിലും വലിയവനാകുവാൻ ഇച്ഛിച്ചാൽ, അവൻ നിങ്ങളുടെ സേവകൻ ആകേണം. |
| മത്താ. 20:27 | നിങ്ങളുടെ ഇടയിൽ ആരെങ്കിലും ഒന്നാമനാകുവാൻ ഇച്ഛിച്ചാൽ, അവൻ നിങ്ങളുടെ അടിമ ആകേണം. |
| മത്താ. 20:28 | മനുഷ്യപുത്രനും ശുശ്രൂഷിക്കപ്പെടുവാനല്ല, മറിച്ച് ശുശ്രൂഷിക്കുവാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി നൽകുവാനും വന്നതു പോലെ തന്നെ. |

a. ഒരുവൻ വിശുദ്ധന്മാരുടെ മേൽ കർത്തൃത്വം നടത്തുക എന്നതിന്റെ അർഥം, അവർക്കുവേണ്ടി തീരുമാനങ്ങൾ എടുക്കുന്നതിലൂടെയോ അല്ലെങ്കിൽ അവർ എവിടേക്ക് നീങ്ങളണമെന്ന് പറയുന്നതിലൂടെയോ അവരുടെ ജീവിതത്തിൽ കർത്താവിനെ പകരംവയ്ക്കുക എന്നാണ്, അങ്ങനെ ക്രിസ്തുവിന്റെ തലയായ്മയെയും കർത്തൃത്വത്തെയും അപമാനിക്കുന്നു.

b. മറ്റുള്ളവരോട് പ്രാർഥിക്കുവാനും, കർത്താവിന്റെ നടത്തിപ്പ് അന്വേഷിക്കുവാനും, ശരീരത്തിൽ ശരിയായ കൂട്ടായ്മ ഉണ്ടായിരിക്കുവാനും പ്രോത്സാഹിപ്പിക്കാതെ, അവർ എവിടേക്ക് പോകണമെന്ന് നാം അവരോട് പറഞ്ഞാൽ, അത് കർത്താവിന് വലിയൊരു അപമാനമാണ്!

F. കുടിയന്മാരോടൊപ്പം തിന്നുകയും കുടിക്കുകയും ചെയ്യുന്നത് ലൗകിക കാര്യങ്ങളാൽ മത്തുപിടിച്ചിരിക്കുന്ന ലൗകിക ആളുകളുമായി സൗഹൃദം ഉണ്ടായിരിക്കുന്നതാണ്—24:49; പ്ര.നി. എഫെ. 5:18:

| | |
|---|---|
| മത്താ. 24:49 | തന്റെ കൂട്ടടിമകളെ അടിക്കുവാൻ തുടങ്ങുകയും കുടിയന്മാരോടുകൂടെ തിന്നുകയും കുടിക്കുകയും ചെയ്താൽ, |
| എഫെ. 5:18 | വീഞ്ഞ് കുടിച്ച് മത്തരാകരുത്, അതിന്മൂലം നിയന്ത്രണമില്ലായ്മ ഉണ്ടാകുന്നു, എന്നാൽ ആത്മാവിൽ നിറഞ്ഞവരാകുവിൻ, |

1. അവരുടെ ദിവ്യ സ്വഭാവവും വിശുദ്ധ നിൽപ്പും കാരണം, വിശ്വാസികൾ അവിശ്വാസികളുമായി ഒരുമിച്ച് നുകത്തിലടയ്ക്കപ്പെടരുത്; വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള വിവാഹത്തിനും വ്യവഹാരത്തിനും മാത്രമല്ല, അവർ തമ്മിലുള്ള എല്ലാ ഉറ്റ ബന്ധങ്ങൾക്കും ഇത് ബാധകമായിരിക്കണം—2 കൊരി. 6:14; 1 കൊരി. 15:33; പ്ര.നി. സദൃ. 13:20.

| | |
|---|---|
| 2 കൊരി. 6:14 | അവിശ്വാസികളുമായി അസമമായി നുകം വയ്ക്കരുത്. നീതിക്കും അധർമത്തിനും തമ്മിൽ എന്ത് പങ്കാളിത്തം? വെളിച്ചത്തിന് ഇരുട്ടുമായി എന്ത് കൂട്ടായ്മ? |
| 1 കൊരി. 15:33 | വഞ്ചിക്കപ്പെടാതിരിക്കുവിൻ: ദുഷ്ട കൂട്ടുകെട്ട് നല്ല സദാചാരത്തെ ദുഷിപ്പിക്കുന്നു. |

സദൃ. 13:20 ജ്ഞാനികളോടുകൂടെ നടക്ക; നീയും ജ്ഞാനിയാകും; ഭോഷന്മാർക്കു കൂട്ടാളിയായവനോ വ്യസനിക്കേണ്ടിവരും.

2. നാം യൗവനമോഹങ്ങളെ വിട്ടോടുകയും നിർമല ഹൃദയത്തിൽനിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടൊപ്പം സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ പിൻപറ്റുകയും വേണം—2 തിമൊ. 2:22.

2 തിമൊ. 2:22 എന്നാൽ യൗവനമോഹങ്ങളെ വിട്ടോടി, നിർമല ഹൃദയത്തിൽ നിന്ന് കർത്താവിനെ വിളിച്ചപേക്ഷിക്കുന്നവരോടൊപ്പം നീതിയും വിശ്വാസവും സ്നേഹവും സമാധാനവും പിൻപറ്റുക..